Preamble.

The question that preamble stands part of the Bill was put and carried.

The preamble was added to the Bill.

Title.

The question that the title stands part of the Bill was put and carried.

The title was added to the Bill.

SHRI A. J. JOHN: Sir, I move that the Bill be passed.

SHRI PANAMPILLI GOVINDA MENON: I second it.

The question that the Edavagai Rights Acqistion Bill, 1955 be finally passed was put and carried.

The Bill was passed.

Travancore-Cochin Entertainments Tax (Validation of Levy and Collection) Bill, 1955.

Minister for Local Self Government (SHRI K. KOCHUKUTTAN): Sir, I beg to introduce the Travancore-Cochin Entertainments Tax (Validation of Levy and Collection Bill, 1955.)

SHRI A. J. JOHN: I second it.

SHRI N. NARAYANA KURUP: Sir, I oppose the introduction of the Bill for the following reasons.

ഗവണ്മെൻറ്ഭാഗത്തുനിന്നും അവതരിപ്പിക്കുന്ന ഒരു ബില്ലിനെ ആ പാർട്ടിയിലെ ഒരു അംഗമായ ഞാൻതന്നെ എതിർക്കേണ്ടിവന്നതിൽ അതിയായ വ്യസനമുണ്ട്. ഈ ബിൽ 25-ാംതീയതിയിലെ ഗസറ്റിൽ പ്രസ്യം ചെയ്ത അന്നുരാത്രിതന്നെ നിയമസഭാസാമാജികന്മാർക്ക് വിതരണംചെയ്ത് 26-ാംതീയതിയായ ഇന്നുതന്നെ നിയമമാക്കുന്നതിനു ധൃതഗതിയിൽ കൊണ്ടുവന്നിരിക്കയാണ്. ഗസറ്റിൽ പബ്ലിഷ് ചെയ്യുന്നതിനു ചില ഉദ്ദേശങ്ങളൊക്കെയുണ്ട്. അതു വെറുമൊരു ചടങ്ങുമാത്രമല്ല. സ്റ്റീക്കർ എന്ന നിലയിൽ അങ്ങേയ്ക്കുള്ള അധികാരത്തെ ഞാൻ ചോദ്യം ചെയ്യുകയല്ല. പൊതുജനങ്ങളെ ഈ നിയമം എങ്ങിനെ ബാധിക്കുമെന്നതു ഗവണ്മെൻറിനെയോ സെലക്ട്കമ്മിറ്റിയെയോ അറിയിക്കുന്നതിനു ഒരവസരം ജനങ്ങൾക്കു കൊടുക്കുന്നതിനാണ് ഗസറ്റിൽ പ്രസ്യം ചെയ്യുന്നതു. ആ ഉദ്ദേശമില്ലെങ്കിൽ ആക്ട് പ്രസ്യം ചെയ്താൽ മതിയാകും. ഇവിടത്തെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രപ്രവർത്തകർ അവർക്കു ഇഷ്ടപ്പെട്ട മദ്രാസിൽ ചേർക്കേണ്ട താലൂക്കുകളെപ്പറ്റിയുള്ള കാര്യങ്ങൾ വെണ്ടയ്ക്കാ അക്ഷരത്തിലും അവർക്കു ഇഷ്ടപ്പെടാത്ത ശ്രീ. ഏ. താണുപിള്ളയും, മന്ത്രി ശ്രീ. ഏ. ജെ. ജാണും പറയുന്ന കാര്യങ്ങൾ ചെറുതായി മൂന്നോ നാലോ വരിയിലും ചേർക്കുന്നതായി കാണുന്നുണ്ട്. അതല്ല പത്രത്തിലും ഗസറ്റിലും പ്രസ്യപ്പെടുത്തുന്നതിൻറെ ഉദ്ദേശം. പൊതു

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളെ ശരിയായ വിവരങ്ങൾ അറിയിക്കാനാണ് പരസ്യം ചെയ്യേണ്ടത്. 12 മണിക്കൂറിനകം ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നു നിയമമാക്കിയില്ലെങ്കിൽ മാനം ഇടിഞ്ഞുവീഴുമൊന്നും പോകുന്നില്ല. അത്യാഹിതമൊന്നും ഉണ്ടാകാൻ പോകുന്നില്ല. അങ്ങയുടെ അധികാരം ഉപയോഗിച്ച് പാസ്സാക്കാൻ പോകുകയാണെന്നു പറയുകയാണെങ്കിൽ ഞാൻ അതിനെതിരു പറയുന്നില്ല. പക്ഷേ അതല്ല ജനാധിപത്യത്തിൽവേണ്ടത്. ഈ ബില്ലിനെ എതിർക്കുന്ന എന്നു പറഞ്ഞതുകൊണ്ടാകാം സിനിമാക്കാരുടെ വക്കാലത്തുണ്ടോ എന്ന് മന്ത്രി എന്നോടു പലതവണ ചോദിച്ചു.

ശ്രീ. പി. വി. അവിരാമ്മരകൻ : സിനിമാക്കാർ മെംബറുടെ മുറിക്കകത്തു താമസിച്ചിട്ടില്ലേ ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : ശ്രീ. തരകനും മുറിക്കകത്തു താമസിച്ചു. മുറിയിൽ പല കാര്യങ്ങളും നടക്കും. അതിവിടെ പറയേണ്ട കാര്യമുണ്ടോ ?

ഈ സഭ പാസ്സാക്കിക്കൊടുത്ത ഒരു നിയമത്തിൽ നിയമപരമായി എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അതിനൊരു അമെൻഡുമെൻറു വേണ്ടിൽ ആവശ്യമാണ്. എന്നാൽ ഈ ബില്ല് എന്തിനാണ് അവതരിപ്പിച്ചിരിക്കുന്നത് ? നാം ആദ്യം ഉണ്ടാക്കിയ നിയമത്തിൽ യാതൊരു ദുഷ്യവുമില്ല. ദുഷ്യമുണ്ടെന്നു ഇവിടത്തെ ഉന്നതാധികാരകോടതി പറഞ്ഞിട്ടുമില്ല. ഇവിടത്തെ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുന്നത് എന്തെന്നുവച്ചാൽ 1951-ലെ എൻറർട്ടെയിൻമെൻറ് ആക്ടിലെ 12-ാംവകുപ്പനുസരിച്ച് മുനിസിപ്പാലിറ്റികൾക്കും പ്രാദേശികസ്ഥാപനങ്ങൾക്കും വിനോദനികുതി പിരിക്കുന്നതിനു ഒരു ബൈലാ പാസാക്കിയിരിക്കണമെന്നാണ്. അങ്ങിനെ ഒരു ബൈലാ പാസ്സാക്കിയാൽ മാത്രമേ മുനിസിപ്പാലിറ്റികൾക്കും പ്രാദേശിക സ്ഥാപനങ്ങൾക്കും വിനോദനികുതി പിരിക്കാവൂ എന്നൊരു വകുപ്പുണ്ട്. മുമ്പുണ്ടായിരുന്ന നിയമമനുസരിച്ച് വിനോദനികുതി ഈടാക്കാനുള്ള അവകാശം 1951-ൽ റിപ്പീൽ ചെയ്തിരിക്കയാണ്. അങ്ങനെ റിപ്പീൽ ചെയ്തിരിക്കെ 1951-നു ശേഷം നിയമം ഞങ്ങൾ അറിഞ്ഞില്ല എന്ന മട്ടിൽ നിയമത്തിൻ വിപരീതമായി ഈടാക്കിയിട്ടുള്ളതു തെറ്റാണെന്ന വിധിയുണ്ടായിട്ടുണ്ട്. നമ്മുടെയോ ഗവണ്മെൻറിൻറെയോ തെറ്റ് ഇതിലില്ല. നിയമം അനുസരിക്കാത്തവർ ചെയ്ത തെറ്റിനെ പൂർവ്വകാലപ്രാബല്യത്തോടുകൂടി അനുവദിച്ചുകൊടുക്കുന്നതു ശരിയല്ല. അങ്ങിനെ പറഞ്ഞ തെറ്റിനു ഒരു നിയമംകൊണ്ടു പരിഹാരം നേടാൻ നമ്മെക്കൊണ്ടു സമ്മതിപ്പിക്കുന്നതിനുള്ള ഒരു ചടങ്ങാണ് ഈ ബില്ലിൻറെ അവതരണംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇവിടത്തെ ഹൈക്കോടതി പറയുന്നതു പ്രാബല്യത്തിൽ വരുന്നതല്ലെന്നു പറഞ്ഞു ഒരു നിയമം എഴുതികണ്ടിട്ടില്ല. അതിനെപ്പറ്റി ഇങ്ങനെയാണ് പറയുന്നതു:

"Recently, the legality of the levy and collection of entertainment tax by certain Municipalities was questioned before the High Court of Travancore-Cochin. In the judgment pronounced in O. P. Nos. 40, 41, 42, 43, 44 and 138 of 1955, the High Court held that the levy and collection of entertainment tax by

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

the Municipal Councils concerned was illegal on the ground that bye-laws as required by Section 12 of the Local Authorities Entertainments Tax Act, 1951 were not made before the tax was levied by them. It has therefore become imperative to take legislative action to validate the levy and collection of entertainment tax already made by local authorities. It is also necessary to lay down that any order, judgment or decree passed by any court in so far as such order, judgment or decree is based on the ground only that a local authority has not made bye-laws under Section 12 of the Local Authorities Entertainment Tax Act, 1951 shall be void and of no effect.....''

ഹൈക്കോടതിയുടെ ഉത്തരവു വാലിഡു ആണു്. അതിനു് എഫ് ക്ടിവില്ല എന്നു ഈ നിയമസഭയിൽ പാസ്സാക്കി ഒരു വാചകം എഴുതി ചേത്താൽ അതു ഈ നിയമസഭയെത്തന്നെ അവഹേളിക്കുകയായിരിക്കും. അങ്ങനെ ചെയ്യുന്നതു ശരിയുമല്ല. അതുകൊണ്ടു് എന്റെ വിനീതമായ അഭിപ്രായം മൂന്നുദിവസത്തെ നോട്ടീസുപോലും ഇല്ലാതെ ഇത്ര അടിയന്തിരമായി ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നു ചർച്ചചെയ്യുന്നതു ന്യായീകരിക്കാവുന്നതല്ല. ഗസറ്റപരസ്യം മുഖേന പൊതുജനങ്ങളുടെ അഭിപ്രായംകൂടി ആരായേണ്ട കടമ നമുക്കുണ്ടു്. മുനിസിപ്പൽ പ്രസിഡന്റുമാർ ചെയ്ത ചില തെറ്റുകൾ ന്യായീകരിക്കാൻവേണ്ടി മാത്രം ഇങ്ങനെ ഒരു ബില്ലു ഇവിടെ കൊണ്ടുവരേണ്ട ആവശ്യമില്ല. ഈ ബിൽ ഉടനടി ചർച്ചചെയ്യാൻ പാടില്ലെന്നും അതു അനുവദിക്കരുതെന്നും ശക്തിയുക്തം ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സാധാരണ നിയമങ്ങൾ സസ്പെൻഡു ചെയ്തു ഈ ബിൽ ചർച്ചയ്ക്കു എടുക്കുമോ, അതല്ല നിയമപ്രകാരം ചർച്ചയ്ക്കു എടുത്താൽ മതിയോ എന്നതാണു പ്രശ്നം.

ശ്രീ. ടി. വി തോമസ്: സർ, സാധാരണ നിയമങ്ങൾ സസ്പെൻഡു ചെയ്യാനുള്ള അധികാരം സ്പീക്കർക്കുണ്ടു്. ആ അധികാരം ഉപയോഗിച്ചു് സാധാരണ നിയമങ്ങൾ സസ്പെൻഡുചെയ്തു ഇന്നുതന്നെ ഈ ബിൽ ഇവിടെ ചർച്ചയ്ക്കു എടുക്കേണ്ട ആവശ്യമുണ്ടോ എന്നു ശ്രീ. നാരായണക്കുറുപ്പു ചോദിക്കുകയുണ്ടായി. അദ്ദേഹത്തിനു ഈ കാര്യത്തിൽ ഉണ്ടായിട്ടുള്ള തെറ്റിദ്ധാരണ മാറണമെന്നു ഞാനാഗ്രഹിക്കുന്നു. സിനിമാതിയേറ്റർ ഉടമസ്ഥന്മാർക്കു ഇത്രമാത്രം കഴിവുണ്ടല്ലോ എന്നു ഞാൻ അത്ഭുതപ്പെടുകയാണു്. ഗവണ്മെന്റു ഭാഗത്തുനിന്നും അവതരിപ്പിച്ച ഒരു ബില്ലിനെ, പാർട്ടിയുടെ അച്ചടക്കങ്ങളെ ലംഘിച്ചുകൊണ്ടുപോലും എതിർക്കത്തക്കവണ്ണം ആ പാർട്ടിയിലെ ഒരംഗത്തിനു പ്രേരണ നൽകാൻ കഴിഞ്ഞതിൽ ഞാൻ സിനിമാതിയേറ്റർ ഉടമസ്ഥന്മാരെ അഭിനന്ദിക്കുകയാണു്.

സർ, ഒരു നിയമം പാസ്സാക്കിയപ്പോഴുണ്ടായ യാദൃച്ഛികമായ, വെറും സാങ്കേതികമായ ഒരു തെറ്റുകൊണ്ടുമാത്രമാണു് ഈ കുഴപ്പമെല്ലാം ഉണ്ടായതു്. 1951-ലാണു് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു മുനിസി

LIBRARY ARCHIVES Kerala Legislative Assembly

പ്പാലിറ്റികൾക്കും, കാർപ്പറേഷനും വിനോദനികുതി പിരിക്കുന്നതിനുള്ള ഒരു പ്രത്യേക നിയമം പാസ്സാക്കിയിട്ടുള്ളതു്. അതുവരെ സ്വയംഭരണ സ്ഥാപനങ്ങൾ വിനോദനികുതി ഈടാക്കിക്കൊണ്ടിരുന്നതു് നിലവിലിരുന്ന ഡിസ്ട്രിക്റ്റ് മുനിസിപ്പാലിറ്റീസ് ആക്റ്റിലെ 78, 79, 122, 123 എന്നീ നാല വകുപ്പുകൾ അനുസരിച്ചാണു്, 1951-ൽ പാസ്സാക്കിയ പുതിയ നിയമം, 1939-ൽ മദ്രാസിൽ നിലവിലിരുന്ന ആക്ടിന്റെ പകർപ്പാണു്. 1939-ലെ മദ്രാസിലെ ആക്റ്റ് അതേപടി ഇങ്ങോട്ടു പകർത്തിയ അവസരത്തിൽ, അറിഞ്ഞോ, അറിയാതെയോ ഒരു തെറ്റു പറ്റിപ്പോയി. ആ ആക്ടിലെ 16-ാം വകുപ്പിൽ 'May' എന്നുള്ള പദം ഇവിടെ പകർത്തിയപ്പോൾ 'Shall' എന്നാക്കി. മദ്രാസിലെ ആക്റ്റ് സെക്ഷൻ 16 അനുസരിച്ചു് എൻറർടെയിൻമെന്റ് ടാക്സ് പിരിക്കുന്നതിനെസംബന്ധിച്ചു് ചില നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടതായുണ്ടു്. അതിനുവേണ്ടി മുനിസിപ്പൽ കൗൺസിലുകൾ ബൈലാസ് പാസ്സാക്കണം. അതായതു് ടിക്കറ്റ് സീൽചെയ്യേണ്ടതെങ്ങനെ, ടിക്കറ്റ് ചെക്കുചെയ്യേണ്ടതെങ്ങനെ എന്നും മറ്റുമുള്ളതിനു് റൂളുകൾ ഉണ്ടാക്കണം. അതനുസരിച്ചു് റൂൾസ് പാസ്സാക്കിയിട്ടില്ലെങ്കിലും ആക്ടു് പരാതിക്കു് വകാശമില്ല. അതേ നിയമം നമ്മുടെ സ്റ്റേറ്റ് ലേയ്ക്കു് പകർത്തിയപ്പോൾ May എന്നുള്ളതിനുപകരം Shall എന്നാക്കി 1951-ൽ ബിൽ പാസ്സായതിനു ശേഷം 1952-ലാണെന്നു തോന്നുന്നു, മുനിസിപ്പാലിറ്റികൾ ഈടാക്കിക്കൊണ്ടിരുന്ന വിനോദനികുതികളുടെ റേറ്റ് അല്പംകൂടി കൂട്ടണമെന്നു് ആഗ്രഹിച്ചു. 1951-നു ശേഷവും പഴയ നോട്ടിഫിക്കേഷൻ നിയമവിരുദ്ധമായിരുന്നില്ല. അതായതു് ഏതെങ്കിലും ഒരു ആക്റ്റ് റിപ്പീൽ ചെയ്യുന്നതിനുമുൻപു്, റിപ്പീൽചെയ്ത ആക്റ്റനുസരിച്ചു് നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തീട്ടുണ്ടായിരുന്നെങ്കിൽ, അപ്രകാരമുള്ള നോട്ടിഫിക്കേഷൻസു് ചില പ്രത്യേക സാഹചര്യങ്ങളിൽ, പ്രാബല്യത്തിലിരിക്കുന്നതാണെന്നു ജനറൽ ക്ലൗസസ് ആക്റ്റിൽ ഒരു വകുപ്പുണ്ടു്. 1951-നു ശേഷം റേറ്റ് കൂട്ടണമെന്നു ആലോചിച്ചപ്പോൾ, ഡിസ്ട്രിക്റ്റ് മുനിസിപ്പാലിറ്റീസ് ആക്റ്റ് 78, 79, 122, 123 ഈ വകുപ്പുകൾ അനുസരിച്ചാണു നിയമം ഈടാക്കി വന്നിരുന്നതു്. എന്നാൽ ആ ആക്റ്റ് റിപ്പീൽചെയ്ത അവസരത്തിൽ, 122-ാം 123-ാം വകുപ്പുകൾ മാത്രമെ റിപ്പീൽ ചെയ്തിട്ടുള്ളൂ, 78-ാം 79-ാം വകുപ്പുകൾ റിപ്പീൽ ചെയ്തിരുന്നില്ല. ഈ അടിസ്ഥാനത്തിൽ വിനോദനികുതിയുടെ റേറ്റ് കൂട്ടുന്നതിനു 78-ാം, 79-ാം വകുപ്പുകൾ ആധാരമാക്കുന്നതിൽ എന്തെങ്കിലും തെറ്റുണ്ടോ എന്നുള്ള കാര്യം മുനിസിപ്പൽ കമ്മീഷണർമാർ, ലാ സെക്രട്ടറിയേറ്റിലേയ്ക്കു് എഴുതി ചോദിച്ചതിൽ അപ്രകാരം ചെയ്യുന്നതിൽ സാങ്കേതികമായോ, നിയമപരമായോ തെറ്റില്ലെന്നു പറയുകയുണ്ടായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഗവൺമെന്റിന്റെ ലാ ഡിപ്പാർട്ടുമെന്റിൽനിന്നും ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ അഡൈ്വസു കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: അങ്ങനെ കിട്ടിയിട്ടുണ്ടെന്നാണു കൊല്ലം മുനിസിപ്പൽ ചെയർമൻ ഒരവസരത്തിൽ പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫയൽ പരിശോധിച്ചതിൽ അങ്ങനെ കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: ആലപ്പുഴ മുനിസിപ്പാലിറ്റിക്ക ലഭിച്ചിട്ടുള്ളതായി അറിവില്ല. ഈ വിഷയത്തെ സംബന്ധിച്ചു ഞാനും, കൊല്ലം, കോട്ടയം മുനിസിപ്പൽ ചെയർമാന്മാരുംകൂടി ഒരു കാൺഫറൻസിൽ സംബന്ധിച്ചിരുന്നപ്പോൾ, ഇങ്ങനെയൊരു ഉപദേശം ഗവണ്മെൻറിൽ നിന്നും കിട്ടിയതായി കൊല്ലം മുനിസിപ്പൽ ചെയർമാൻ പറയുകയുണ്ടായി. അതു ആരും നിഷേധിച്ചില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതെല്ലാം കോടതിയിൽ കേസുവന്നതിനുശേഷമുള്ള കാര്യങ്ങളാണ്.

ശ്രീ. ടി. വി. തോമസ്: ഏതായാലും ഇതൊരു സാങ്കേതികകാര്യം മാത്രമാണ്. നിലവിലിരുന്ന റേറ്റ് ഇടാക്കുന്നതിനു നിയമസാധുതപം നൽകുന്ന നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ രണ്ടുശതമാനംവരെ റേറ്റ് കൂട്ടുന്നതിനു അവകാശമുണ്ടെന്നുള്ള ഒരു ധാരണയിന്മേലാണ ഇങ്ങനെ ചെയ്തിട്ടുള്ളതു.

രണ്ടാമതായി സിനിമാതിയേറ്റർ ഉടമസ്ഥന്മാർക്ക ഇതു തിരിയെ ചോദിക്കാൻ എന്തവകാശമാണുള്ളതു? 1951-നു ശേഷം മുനിസിപ്പാലിറ്റികളം ഇടാക്കിയിട്ടുള്ള ടാക്സു തിരിച്ചു കിട്ടണമെന്നാവശ്യപ്പെടാൻ ശ്രീ. നാരായണക്കുറുപ്പിനും, അദ്ദേഹത്തെ പ്രേരിപ്പിച്ച സിനിമതിയേറ്റർ ഉടമസ്ഥന്മാർക്കും എന്തധികാരമാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. ഈ നടപടി നിയമപരമായാലും, അല്ലെങ്കിലും മുനിസിപ്പാലിറ്റികളം ഇടാക്കിയിരിക്കുന്ന ടാക്സു കൊടുത്തിട്ടുള്ളതു ടിക്കറ്റെടുത്തു സിനിമ കാണാൻവന്ന ആളുകളാണെന്നും അതു തിരിയെ ചോദിക്കാൻ സിനിമാതിയേറ്റർ ഉടമകളംക്ക അധികാരമില്ലെന്നുമാണ എനിക്ക ഈ സഭയെ അറിയിക്കാനുള്ളതു.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഒരു പായിന്റ ആഫ് ആർഡർ. ഈ സഭയിൽ എന്തെങ്കിലും പ്രസ്താവിക്കുന്നതു സിനിമാകമ്പനിക്കാരുടെ പ്രേരണകൊണ്ടാണെന്ന ഒരു മെമ്പറെപ്പറ്റി പറയുന്നതു ശരിയാണോ? അതു പിൻവലിക്കേണ്ടതു മര്യാദയാണ്. ഇഷ്ടമുണ്ടെങ്കിൽ മതി.

ശ്രീ. ടി. വി. തോമസ്: അതു പറയാൻ പ്രത്യേക കാരണമുണ്ട്. കാൺഗ്രസ്പാർട്ടിയിലെ ഒരു മെമ്പർ, ഗവണ്മെൻറ ഭാഗത്തുനിന്നും കൊണ്ടുവന്ന ഒരു ബില്ലിനെ എതിർക്കണമെങ്കിൽ ഏതെങ്കിലും പ്രേരണ ഉണ്ടായിരിക്കുമെന്നു ഞാൻ പറഞ്ഞതു സ്വാഭാവികമാണ്.

ശ്രീ. എ. താണുപിള്ള: എന്നാണു ഹൈക്കോടതി വിധി ഉണ്ടായതു?

ശ്രീ. ടി. വി. തോമസ്: രണ്ടുമാസത്തിനു മുൻപാണ്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇടാക്കിയ പണം തിരിച്ചു കൊടുക്കാതിരിക്കുന്നതിനാണോ ഈ ബിൽകൊണ്ടുദ്ദേശിക്കുന്നതു?

ശ്രീ. ടി. വി. തോമസ്: 1951-ലെ നോട്ടിഫിക്കേഷൻ ഇൻവാലിഡ് ആണ്. പണം തിരിയെ കിട്ടണമെങ്കിൽ പ്രത്യേകം കേസു കൊടുക്കണം. ഹൈക്കോടതിയുടെ വിധിയുടെ സാരം ഇതാണ്. മുനിസി

LIBRARY ARCHIVES Kerala Legislative Assembly

പ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം ഈവക പണം തിരിയെ കൊടുക്കേണ്ടിവന്നാൽ സാമ്പത്തികമായി വളരെ വിഷമിക്കേണ്ടിവരും. മുനിസിപ്പാലിറ്റിക്കു കൂടെ ഇന്നത്തെ അവസ്ഥയെപ്പറ്റി എല്ലാവർക്കും അറിയാവുന്നതാണ്. ആലപ്പുഴയെ സംബന്ധിച്ചാണെങ്കിൽ, മുപ്പതിനായിരത്തോളം രൂപ ഇതുവരെ നഷ്ടത്തിലായിരിക്കുകയാണ്. 1951 മുതൽ ഇങ്ങോട്ട് ഈയിനത്തിൽ ഒരുലക്ഷം രൂപയോളം മുനിസിപ്പാലിറ്റിക്കു കിട്ടിയിട്ടുണ്ട്. നിർഭാഗ്യവശാൽ ഈ തുക തിരിയെ കൊടുക്കണമെന്നുകൂടി ഹൈക്കോടതി വിധിയുണ്ടാകുന്നെങ്കിൽ മുനിസിപ്പാലിറ്റികളുടെകാര്യം വളരെ കഷ്ടത്തിലാകും.

ശ്രീ. എ. താണുപിള്ള: സിനിമാതിയേറ്റർ ഉടമകൾ അങ്ങനെ കേസുകൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: 1951 മുതൽ ഈടാക്കിയ നികുതിത്തുക കിട്ടണമെന്നു കാണിച്ചു കേസുകൊടുത്തിരിക്കുകയാണ്.

ഡാക്ടർ എ. ആർ. മേനോൻ: സിനിമാതിയേറ്റർ ഉടമസ്ഥന്മാരുടെ കൈയിൽനിന്നല്ലല്ലൊ ഈ നികുതി ഈടാക്കിയിരിക്കുന്നതു്?

ശ്രീ. ടി. വി. തോമസ്: അവർ ഏജൻസികൾ എന്നുള്ളനിലയിൽ ജനങ്ങളിൽനിന്നും നികുതി ഈടാക്കി മുനിസിപ്പാലിറ്റിയെ ഏല്പിക്കുകമാത്രമാണു ചെയ്തിട്ടുള്ളതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഹൈക്കോടതി വിധി കണ്ടില്ല. ബഹുമാനപ്പെട്ട മെംബർ കണ്ടിരിക്കുമെന്നു വിചാരിച്ചു ചോദിക്കുകയാണ്: ഇങ്ങനെ നികുതി പിരിച്ചതു ലീഗലായിട്ടല്ല എന്നു മാത്രമെ പറഞ്ഞിട്ടുള്ളോ, തിരിച്ചുകൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: പണം ഈടാക്കിയതു ലീഗലായിട്ടല്ല എന്നു പറഞ്ഞിട്ടുള്ളൂ. ഇതുവരെ പിരിച്ചപണം തിരിയെ കിട്ടണമെങ്കിൽ പ്രത്യേകം കേസുകൊടുക്കണം എന്നാണു പറഞ്ഞിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: വിധിയിൽ അങ്ങനെ പറഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: അതിൽ എന്താണു പറയുന്നതു്, ഡിക്ലറേഷൻ മാത്രമാണോ?

ശ്രീ. ടി. വി തോമസ്: ഡിക്ലറേഷൻ മാത്രമായിരുന്നു ആദ്യത്തെ അന്യായം. അതിൽ പറയുന്നതു ഇങ്ങനെയാണ്:

"It is left open to be decided later on. A fresh suit may be filed for the refund of the amount".

SHRI PANAMPILLI GOVINDA MENON: That is because it is a writ application and in a writ application a refund cannot be ordered.

ശ്രീ. എ. താണുപിള്ള: ഫർതർ കളക്ഷൻ പാടില്ലെന്നാണോ ഓർഡർ കൊടുത്തിരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON: I am getting the papers before me. I may answer it in 10 minutes about the judgment.

ശ്രീ. കെ. കൊച്ചുകുട്ടൻ: ബൈലാ പാസ്സാക്കുന്നതിനുമുൻപു കമ്മ കഷ്ൻ പാടില്ലെന്നാണ്. ബൈലാ പാസ്സാക്കിയതിനുശേഷം നികുതി പിരിക്കാമെന്നാണ വിധി.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനുശേഷം ബൈലാ പാസ്സാക്കിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: അങ്ങനെ വിധി ഉണ്ടായതിനുശേഷം, ബൈലാ പസ്സാക്കി ഗവണ്മെൻറ അപ്രൂവലിനു അയച്ചിരിക്കുകയാണ് അതുസംബന്ധിച്ചു ആക്ററിൽ പറഞ്ഞിരിക്കുന്നതു്,

It shall come into force when it is published in the Gazette with the approval of Government. എന്നാണ്. അപ്രൂവൽ ഉണ്ടെന്നു കാണിക്കാതെയാണ് ഗവണ്മെൻറ പബ്ലിഷുചെയ്തതു്. അതു കണ്ടതിൻശേഷമാണ കേസുകൊടുത്തു സ്റ്റേ വാങ്ങിയതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അപ്രൂവൽ ഉണ്ടെന്നു പറഞ്ഞതു ഗവണ്മെൻറ പബ്ലിഷുചെയ്തതുകൊണ്ടാണോ?

SHRI T. V. THOMAS: Section 12(3) says—"All such bye-laws shall have effect when they have been approved by Government and published in the Gazette."

കൗൺസിലുകാർ ബൈലാ പാസാക്കി അപ്രൂവലിനുവേണ്ടി ഗവണ്മെൻറിലേയ്ക്കയച്ചു. അപ്രൂവൽ നൽകുന്നതായി പറയാതെ ഗസറ്റിൽ പബ്ലിഷുചെയ്തു. അപ്രൂവലിൻെറ സാങ്കേതികകാരണം ചൂണ്ടിക്കാണിച്ചുകൊണ്ടു് ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങിച്ചിരിക്കുകയാണ്. അതുവീണ്ടും അപ്രൂവലിനായിട്ടു അയച്ചിരിക്കുകയാണ്. അതു യഥാവസരം അപ്രൂവുചെയ്തു പരസ്യം ചെയ്തിരുന്നുവെങ്കിൽ ഒരു കുഴപ്പവും വരികയില്ലായിരുന്നു. കോടതിവിധിക്കുശേഷം ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾക്കു ഉത്തരവാദികൾ ആരാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോഴും ഈ നികുതി പിരിക്കുന്നുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഇപ്പോഴും പിരിക്കുന്നുണ്ടു്. ഈ ബില്ലിൻെറ അടിയന്തിരസ്വഭാവത്തിൻെറ കാരണങ്ങൾ ഇതൊക്കെയാണ്. രണ്ടാമതു പണം തിരിയെ ആവശ്യപ്പെടാൻ തിയേറ്റർ ഉടമകൾക്കു ധാർമ്മികമായ അവകാശമില്ല. ഇപ്പോഴും ടാക്സുപ്പടെ 6 അണയാണ ടിക്കററുചാർജ്ജ് ഈടാക്കുന്നതു്. ഈ കാരണങ്ങളാലാണ ഈ ബിൽ അടിയന്തിരമായി പസാക്കേണ്ടതാണെന്നു പറയുന്നതു്. ഇങ്ങനെയുള്ള കുഴപ്പങ്ങൾ പരിഹരിച്ചു ഭാവിയിൽ കളക്ഷൻ സാധുവാക്കുന്നതിനാണ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്. വളരെ സാങ്കേതികമായ, ഈ കാരണങ്ങൾമൂലം മുനിസിപ്പാലിററികളുടെ സാമ്പത്തികമായ വരുമാനത്തിനു പ്രതിബന്ധം നേരിട്ടുകൊണ്ടിരിക്കുന്നതു കഴിയുന്നതും വേഗം പരിഹരിക്കേണ്ടതാണ്. സെക്ഷൻ 12(1)-ൽ മദ്രാസ് ആക്ററിൽ may എന്നാണുള്ളതു്. അതിനെ നാം പകർത്തിയപ്പോൾ shall എന്നാക്കി,

LIBRARY ARCHIVES Kerala Legislative Assembly

DR. A. R. MENON: Who collects the tax, the Government or the Municipalities?

T. V. THOMAS: Municipalities.

DR. A. R. MENON: Or the Government collects and takes 10 per cent of the collection as its due and then hands over the balance to the Municipalities?

ശ്രീ. ടി. വി. തോമസ്: കൊച്ചി പ്രദേശത്ത് അങ്ങനെയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. ഇവിടെ കൗൺസിലുകൾ നേരിട്ട് കളക്ഷൻ ചെയ്യുകയാണ്.

ഭാവിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നികുതി പിരിവു കാര്യത്തിൽ യാതൊരു വ്യത്യാസവും വരുത്തുവാൻ may എന്ന പദം മാറ്റി ഈ ബിൽ ഇപ്പോൾത്തന്നെ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

SHRI A. THANU PILLAI: May I submit one word? We are purely at the question whether introduction can be allowed. If you are inclined to allow introduction, then the motion will be for reference to a Select Committee or for further consideration. I think there are very many valid objections to the consideration of the Bill now. So, may I make a suggestion? We are called upon to legislate and to declare that a High Court decision is void. Can we do such things in the dark? What was the position, what were the facts of the case, what is the law and what are the rules, are not known to us. The Minister who introduced the Bill did not say anything upon the above and he is absolutely unprepared. How shall I describe his attitude towards this House when he comes forward with a Bill of this kind to declare the decision of a High Court void without being able to tell us what the facts are? This is something ignoble and unknown in the history of legislation. May I make one suggestion? From what Mr. Thomas stated, there seems to be an urgent need for it. Let us have some time to study the facts. This is a thing which I got towards day-break this morning. I could not make head or tail out of it. So, we shall take it up on Monday. I do not want to impede the progress of this measure, because it is something very important. But I should myself understand something about it before I vote upon it. It is something really objectionable.

SHRI PANAMPILLI GOVINDA MENON: On Monday, we are not sitting.

SHRI A. THANU PILLAI: Let us sit and discuss it on Monday.

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON: But there may be difficulty. But I can assure the hon. Member that in case the Speaker is inclined to waive notice I can explain to the House that this is a very simple matter. There is no question of declaring the decision of the High Court void, or any thing like that.

SHRI A. THANU PILLAI: That is what is stated here.

SHRI PANAMPILLI GOVINDA MENON: That is not what it means. And the charge made against the Government by the Leader of the Opposition who is also the chairman of the Alleppey Municipality is not also correct. There is no such neglect on the part of Government. The decision makes it clear.

SHRI A. THANU PILLAI: With great respect to the Chief Minister may I submit this? Why should all the Ministers be here? We do not want to oppose this Bill. Let us understand facts. So, we will have it on Monday. This is the most helpful suggestion anybody can make. Why should the Chief Minister want us to take things on trust? Let us take decisions after understanding the facts. I may say that the Law officers are very much at fault in drafting this Bill. In a matter of this kind the difference between 'may' and 'shall' is something like the difference between a small pond and an ocean. Let us understand things. So let us meet on Monday and deal with the Bill.

SHRI PANAMPILLI GOVINDA MENON: There is difficulty for that. I shall read out from the decision of the High Court. No Member of the House need take anything on trust. I shall read relevant portion of the decision. It is a very short decision.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ജഡ്ജ്മെൻറ് വായിച്ചു കേൾപ്പിക്കാമെന്നു പറഞ്ഞു. മുനിസിപ്പൽ ആക്ടിലെ മറ്റും പഠിച്ച് ഞങ്ങളുടെ ബുദ്ധിമുട്ടി പ്രയോഗിക്കണമെങ്കിൽ ഇങ്ങനെ വായിച്ചാൽ പോരാ, സമയം വേണ്ടിവരും.

മി. സ്പീക്കർ: സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതയെ സ്പർശിക്കുന്ന കാര്യമായതുകൊണ്ട്, ഇരുനൂറിലധികം മെംബറന്മാരുടെ ഇടയിൽ ഉണ്ടായ ആക്ഷേപങ്ങളും, നിയമസഭാചട്ടങ്ങളും എല്ലാംകൂടി വച്ചു നോക്കുമ്പോൾ ഒരു തീരുമാനം പറയാൻ പ്രയാസമുള്ള കാര്യമാണിതു്. ഗവണ്മെൻറ് നേരത്തെതന്നെ ഇതു സംബന്ധിച്ചു ചുമതലകൾ നിർവ്വഹിക്കേണ്ടതായിരുന്നു. ഏതായാലും ഇതിൻറെ അടിയന്തിര പരിതഃസ്ഥിതിയെ പരിഗണിച്ചു, ഈ ബില്ല് അവതരിപ്പിക്കാൻ അനുവാദം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. SPEAKER: We will now adjourn to meet again at 2½ P. M.

The House adjourned for lunch at 12 noon and reassembled at 2 P. M. with Mr. Speaker in the Chair.

2 P. M.] MR. SPEAKER: I have an announcement to make.

In regard to the voting of issues that emerged out of the discussions on the States Reorganisation Commission Report, on 24th November 1955, the results of the poll in regard to issue No. 3 were announced as 14 for the motion and 90 against. On a verification with the names taken down by the Reporters, it was found that 14 were for the motion and 92 against. This is in accord with the point raised by Shri P. Ramaswami Pillai and it will be shown in the proceedings accordingly.

SHRI A. THANU PILLAI: Sir, may I know what the motion is that is discussed. You allowed the introduction of the Bill. Is there any other motion?

SHRI K. KOCHUKUTTAN: Sir, I move that the Travancore-Cochin Entertainments Tax (Validation of Levy and Collection) Bill, 1955, be taken up for consideration.

SHRI A. THANU PILLAI: Sir, I object on very substantial grounds. The relevant Rule is Rule 78 which states—

"When a Bill is introduced, or on some subsequent occasion, the member in charge may make one of the following motions in regard to his Bill, namely,—

(a) that it be taken into consideration; or

(b) that it be referred to a Select Committee; or

(c) that it be circulated for the purpose of eliciting opinion thereon;"

Here the motion is for taking the Bill into consideration. The rule further states—

"Provided that no such motion shall be made until after copies of the Bill have been made available for the use of members and that any member may object to any such motion being made unless copies of the Bill have been so made available for three days before the day on which the motion is made; and such objection shall prevail unless the Speaker in his discretion allows the motion to be made."

Here, copies of the Bill were given to us only yesterday at midnight. It now rests with you, Sir, to decide whether you should allow the motion being made in spite of this Rule. I submit, Sir, you should not allow this motion to

LIBRARY ARCHIVES Kerala Legislative Assembly

[Shri. A. Thanu Pillai]

be made, because we were given copies of the Bill only yester night. We had no time to study it at all. If it were a matter that could be understood straightway, I would not object. There was a lot of discussion even at the introduction stage. I am in a position to say definitely that there is absolutely none in this House who has understood the facts clearly and who can give a full account of it. That is what we found, Sir, in the morning when this was sought to be introduced. I don't want to take part in a legislation of this kind when I am not in a position to understand what I am doing. But I don't want to obstruct the progress of work here. I object to this because I am not in a position to take part in the proceedings. Nobody knows what the decisions are or what the decision of the High Court is. Nobody knows whether the High Court decision is declared void or whether anything more is needed, or whether a decision can be declared so or should be declared so and to what extent, what are the terms, what is the objective, or what further steps are to be taken—nobody knows anything about these things. As a member of the House I have a right to claim a reasonable time to study the matter. If that is not going to be given, I don't see it worth while to take part in these proceedings. I request you, Sir, to allow my objection. I don't want to stand in the way of the measure being passed. Let us have a reasonable time. Let us meet day after tomorrow. If you can order like that, I have no objection for the Bill being dealt with day after tomorrow. But to proceed with the Bill today will be a negation or rather denial of all opportunities to deal with this matter properly. Therefore, I very, very, strongly object to this Bill being taken into consideration.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ പറഞ്ഞ ന്യായങ്ങൾ വളരെ ഗൗരവമുള്ളതാണ്. ഈ ബില്ല എന്താണെന്ന് മനസ്സിലായിട്ടില്ലെന്നും, അതിനു വേണ്ടിടത്തോളം സമയം ഉണ്ടായിട്ടില്ലെന്നും, പറയുന്നതിൽ പരമാർത്ഥം ഉണ്ടായിരിക്കും. പക്ഷെ, ഈ ബില്ലിൽ അടങ്ങിയിരിക്കുന്നതെന്താണെന്ന് ഈ സഭയിലുള്ളവർക്ക് ഗ്രഹിക്കാൻ അവസരം ഉണ്ടായിട്ടില്ല. എന്തുകൊണ്ടെന്നാൽ ഇവിടെ ഒരു പായ്ൻറ് ആഫ് ആഡർ ഉന്നയിച്ചു വാദപ്രതിവാദം ചെയ്യപ്പോൾ, ഈ ബില്ലിനെപ്പറ്റി വിശദീകരിക്കുന്നതിന് ബിൽ അവതരിപ്പിച്ച മെംബർക്കോ, മറ്റാർക്കെങ്കിലുമോ, സമയം കിട്ടിയിട്ടില്ല. ശ്രീ. താണുപിള്ള ധരിച്ചുമാതിരി ഹൈക്കോടതി വിധി ഉർബലപ്പെടുത്താനുള്ള ഒരു ബില്ലല്ല ഇത്. സ്റ്റേറ്റുമെൻറ് ആഫ് ആബ്ജക്ഷൻസ് ആൻഡ് റീസൺസിൽ പറഞ്ഞിട്ടുള്ളതും അതല്ല. ഹൈക്കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുന്ന കേസ് ആലപ്പുഴ മുനിസിപ്പാലിറ്റിയേയും കോട്ടയം മുനിസിപ്പാലിറ്റിയേയും മാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. 1951-ൽ ഇവിടെ ഒരു എൻറർട്ടെയിൻമെൻറ്സ് ആക്റ്റ് നടപ്പാക്കി.

SHRI A. THANU PILLAI: Sir, I want a ruling before the matter is discussed.

SHRI PANAMPILLI GOVINDA MENON: I am not discussing.

MR. SPEAKER: I must know the reaction of the Government on the objection raised by the hon. member.

SHRI PANAMPILLI GOVINDA MENON: Sir, I am not speaking on the motion for consideration of the Bill.

ആ ആക്റ്റിൽ 12-ാമത്തെ വകുപ്പിൽ പറയുന്നതു മുനിസിപ്പാലിറ്റീസ് ബൈലാസ് ഉണ്ടാക്കിയാൽമാത്രമേ, അവക്കു നികുതി പിരിക്കാൻ അവകാശമുള്ളു എന്നാണ്. മിക്ക മുനിസിപ്പാലിറ്റികളും അതനുസരിച്ചു ബൈലാ ഉണ്ടാക്കിയിട്ടില്ല. ജഡ്ജ്മെൻറിൽനിന്നും കാണുന്നതു അതാണ്. ആലപ്പുഴ മുനിസിപ്പാലിറ്റിയോ, കോട്ടയം മുനിസിപ്പാലിറ്റിയോ, ഈ ആക്റ്റനുസരിച്ചു ബൈലാ ഉണ്ടാക്കിയിട്ടില്ല.

DR. A. R. MENON: Who makes the bye-laws?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബൈലാസ് ഗവണ്മെൻറുണ്ടാക്കേണ്ടതല്ല. ഇവിടെ മുനിസിപ്പാലിറ്റികൾക്കു ഒരബദ്ധം വന്നതാണ്. ബൈലാസ് ഉണ്ടാക്കിയാൽ മാത്രമേ നികുതി പിരിക്കാവൂ. എന്നിട്ടും, മുനിസിപ്പാലിറ്റി ബൈലാ ഉണ്ടാക്കുന്നതിനുമുമ്പു നികുതി പിരിച്ചു. നികുതി കൊടുക്കുന്ന തീയേറ്റർ ഉടമസ്ഥന്മാരും, ആ വിവരം ധരിച്ചിരുന്നില്ല.

SHRI N. NARAYANA KURUP: May I know whether there *coercive* steps are possible by the Municipalities against the tax-payers?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആകാം. തീയേറ്റർ ഉടമസ്ഥന്മാർ കാണിക്കളിൽനിന്നും നികുതി പിരിക്കുകയും, ആ നികുതി മുനിസിപ്പാലിറ്റിക്കു കൊടുക്കുകയും ചെയ്യുന്നു. ബൈലാസ് ഉണ്ടാക്കാത്തതുകൊണ്ടു് നികുതി പിരിക്കുവാൻ മുനിസിപ്പാലിറ്റിക്കു് അവകാശമില്ലാത്തതിനാൽ തീയേറ്റർ ഉടമസ്ഥന്മാർ മുനിസിപ്പാലിറ്റിയിൽ ഏറ്റിച്ച പണം തിരിയെ ചോദിക്കുവാൻ അവക്കു അവകാശമുണ്ടു്. അക്കാരണത്താൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിലും, കോട്ടയം മുനിസിപ്പാലിറ്റിയിലും, വൈക്കം മുനിസിപ്പാലിറ്റിയിലും ഉള്ള ചില തീയേറ്റർ ഉടമസ്ഥന്മാർ ആ മുനിസിപ്പാലിറ്റികളെ എതിർകക്ഷികളാക്കി, മുന്നോ നാലോ റിട്ട് ഹർജികൾ കൊടുത്തു. ആ മുനിസിപ്പാലിറ്റികൾ ഈ നികുതി പിരിക്കുന്നതു്, ഒരു കല്പനമൂലം തടയണമെന്നാണ് അവർ ആവശ്യപ്പെട്ടതു്. അതനുസരിച്ചു ഹൈക്കോടതിവിധിയുണ്ടായി. നിങ്ങൾ നിയമമനുസരിച്ചു ബൈലാ ഉണ്ടാക്കാത്തതുകൊണ്ടു് നികുതിപിരിക്കരുതെന്നാണ് ഹൈക്കോടതിവിധിയിൽ പ്രസ്താവിച്ചിരിക്കുന്നതു്. ആ വിധിയെയോ, ആ തീരുമാനത്തെയോ ഒരു തരത്തിലും മാറ്റാൻ ഈ നിയമം കൊണ്ടുദ്ദേശിക്ക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ന്നില്ല. നേരെമറിച്ച്, മുനിസിപ്പാലിറ്റി പിരിച്ചെടുത്തുപോയ സംഖ്യയെപ്പറ്റി ആലോചിക്കേണ്ടതുണ്ട്. ബില്ല് കൺസിഡറേഷൻ സ്റ്റേജിൽ വരുമ്പോൾ, ഞാൻ അമെന്റ്മെന്റ് വായിച്ച് ആ കാര്യം ബോദ്ധ്യപ്പെടുത്താം. ബൈലാസ് അനുസരിച്ചുമാത്രമെ നികുതി പിരിക്കാൻ അധികാരം ഉള്ളു എന്നുള്ളതുകൊണ്ട് ഇവർ നികുതി പിരിച്ചുപോകരുതെന്നാണ് പറഞ്ഞിരിക്കുന്നത്. മെയിൻ ആക്ടിൽ അങ്ങനെ പറഞ്ഞിരിക്കുന്നതുകൊണ്ട് നമ്മുടെ രാജ്യത്തുള്ള നികുതി പിരിച്ച മുനിസിപ്പാലിറ്റികളിൽ ഏൽപ്പിച്ചിട്ടുള്ള എല്ലാ തിയേറ്റർ ഉടമസ്ഥന്മാരും അതാതു മുനിസിപ്പാലിറ്റികളുടെ പേരിൽ പിരിച്ചുകൊടുത്തിട്ടുള്ള സംഖ്യ തിരിയെ കിട്ടുവാൻ വേണ്ടി കേസുകൾ ഫയലാക്കിയെന്നു വരാം. അങ്ങനെ വന്നാൽ, ഭാരിച്ച സംഖ്യകൾ തിയേറ്റർ ഉടമസ്ഥന്മാർക്ക് നൽകേണ്ടതായി വരും. മുനിസിപ്പാലിറ്റികൾ എന്നു പറയുന്നതു പൊതു സ്ഥാപനങ്ങളാണ്. അവർക്ക് ഈ മാതിരി ഭാരിച്ച സംഖ്യകൾ കൊടുക്കേണ്ടിവന്നാൽ, വിഷമിക്കും. അതുകൊണ്ട് ഇങ്ങനെ പിരിച്ചെടുത്തിട്ടുള്ള സംഖ്യകൾ ഈടാക്കുവാൻ അവകാശമില്ലെന്ന് വരുത്തുന്ന നിയമം മാത്രമാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ബൈലാസ് ഉണ്ടാക്കാതെ, നികുതി പിരിക്കണമെന്ന നിയമത്തിൽ പറയുന്നില്ല. ബൈലാസ് ഉണ്ടാക്കാത്ത മുനിസിപ്പാലിറ്റികൾ 12-ാം വകുപ്പനുസരിച്ചു ബൈലാസ് ഉണ്ടാക്കി കഴിഞ്ഞതിനു ശേഷം മാത്രമേ, നികുതി പിരിക്കാവൂ. എന്നാൽ, അടച്ചുപോയ സംഖ്യകൾ തിരിച്ചിടാക്കണമെന്നുള്ള കേസുകൾ ഫയലാക്കാതിരിക്കുവാൻ വേണ്ടി ഇങ്ങനെയൊരു ബില്ലുകൊണ്ടുവന്നിട്ടുള്ളതാണ്. കൊല്ലം മുനിസിപ്പാലിറ്റി, ആറന്മുള മുനിസിപ്പാലിറ്റി തുടങ്ങിയ അനേകം മുനിസിപ്പാലിറ്റികളിലെ പ്രതിനിധികൾ ഗവണ്മെന്റിന്റെ അടുക്കൽ വന്നു "ഞങ്ങൾ ബൈലാസ് ഉണ്ടാക്കിയിട്ടില്ല, അബദ്ധം വന്നുപോയി, കഴിയുന്നതും വേഗത്തിൽ ബൈലാസ് ഉണ്ടാക്കികൊള്ളാം, എന്നാൽ ഉടമസ്ഥന്മാർ കൊടുത്തിട്ടുള്ള സംഖ്യ തിരിച്ചുകൊടുക്കാതിരിക്കാൻ വേണ്ടി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കണം" എന്നു പറഞ്ഞു. ഓർഡിനൻസ് പുറപ്പെടുവിക്കുവാൻ ഒരു തടസ്സം ഉണ്ടായിരുന്നു. കഴിഞ്ഞ നിയമസഭ തീർന്നതിനുശേഷം, ഈ സഭ പ്രോറോഗ് ചെയ്തിരുന്നില്ല. അതുകൊണ്ട് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാൻ അപ്പോൾ സാദ്ധ്യമായിരുന്നില്ല. ബൈലാസ് ഉണ്ടാക്കി അതു പ്രസിദ്ധപ്പെടുത്തിയാൽ മാത്രമേ, മേലാൽ നികുതി സ്വീകരിക്കുവാൻ പാടുള്ളു എന്നുള്ളതുകൊണ്ട് പിരിച്ചുപോയ സംഖ്യകൾ മടക്കികൊടുക്കാതിരിക്കുവാൻ വ്യവസ്ഥചെയ്യുന്ന ഒരേ ഒരു ക്ലാസ്സ് മാത്രമെ, ഈ ബില്ലി ഉള്ളു. ബൈലാസ് ഉണ്ടാക്കിയിട്ടില്ല എന്ന ഏക കാരണംകൊണ്ട് മുനിസിപ്പാലിറ്റി ഈടാക്കിയ സംഖ്യ മടക്കികൊടുക്കാൻ ഇടയാകരുതു്. അതു മടക്കികൊടുക്കുവാനുള്ള വിധി ഉണ്ടായിട്ടുണ്ടെങ്കിൽ, ആ വിധി വായിച്ചു് ആയിരിക്കയില്ലെന്നാണ് ബില്ലിൽ പറയുന്നതു്. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ അതു ഹൈക്കോടതിവിധിയെ ഉദ്ദേശിച്ചാണെന്നു ധരിച്ചിരിക്കാം.

"it has therefore become imperative to take legislative action to validate the levy and collection of entertainments tax already made by local authorities. It is also necessary to lay down that any order, judgment or decree passed by

LIBRARY ARCHIVES Kerala Legislative Assembly

any court in so far as such order, judgment or decree is based on the ground only that a local authority has not made bye-laws under Section 12 of the Local Authorities Entertainments Tax Act, 1951 shall be void and of no effect and to make it clear that no proprietor of an entertainment can claim refund of entertainments tax collected from him.';

സർ, ഇത്രയും മാത്രമാണ് ഈ നിയമനിർമ്മാണംകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ബില്ലിനെപ്പറ്റി പഠിച്ചാലോചിക്കുന്നതിനായി ഒരു ചുരുങ്ങിയ സമയത്തെ നോട്ടീസുപോരായെന്ന് ബഹുമാനപ്പെട്ട മെംബറന്മാരായ താണുപിള്ളയും നാരായണക്കുറുപ്പും പറഞ്ഞതു് ഞാൻ മനസ്സിലാക്കുന്നുണ്ട്. അതു വിഗണിച്ചുകൊണ്ടല്ലാ ഞാൻ സംസാരിക്കുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഈ ബില്ലിൽ എന്തെല്ലാമാണ് അടങ്ങിയിട്ടുള്ളതെന്നു പഠിക്കുന്നതിനായിട്ട് ഒരു ദിവസത്തെ നോട്ടീസെങ്കിലും കൊടുക്കേണ്ടതല്ലെ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി ഞാൻ ഇന്നലെ പറഞ്ഞുപോലും നിയമസഭ നീട്ടുന്നതിനെ സംബന്ധിച്ച്. അഭിപ്രായവ്യത്യാസമാണുണ്ടായതു്. ഭൂരിപക്ഷം അംഗങ്ങളും എതിരഭിപ്രായക്കാരാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : രണ്ടു മാസമായി, ഹൈക്കോടതി വിധിയുണ്ടായിട്ട് എന്നു പറയുന്നു. അങ്ങിനെയാണെങ്കിൽ ഇതുവരെ ഇതിനെപ്പറ്റി ഒരു ബിൽ കൊണ്ടുവരാൻ സാധിക്കാത്തതെന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ഒരു വിധി ഉണ്ടായതു് ഗവണ്മെന്റിനു അറിയാൻ സാധിച്ചില്ല. സിനിമാ തിയേറ്റർ ഉടമകളും ഗവണ്മെന്റിനെ കക്ഷിചേർക്കാതെ മുനിസിപ്പാലിറ്റികളെ കക്ഷിചേർത്തു സമ്പാദിച്ചിട്ടുള്ള ഒരു വിധിയാണ് ഇതു്. ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ആവശ്യമില്ലാതെ ഗവണ്മെന്റിനെ കുറ്റപ്പെടുത്താൻ ഉന്നയിച്ച കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഇത്രയൊക്കെ പറയേണ്ടിവന്നതു്. ഗവണ്മെന്റിനെ കക്ഷിചേർക്കാതെ ഉണ്ടായ ഒരു തീർപ്പായതുകൊണ്ട് പെട്ടെന്നു അതു ഗവണ്മെന്റു അറിഞ്ഞതില്ലെന്നു വന്നേക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : മുനിസിപ്പാലിറ്റികൾ ആ വിവരം തക്കസമയത്തു് അറിയിച്ചിട്ടില്ലായിരുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ലായിരുന്നു. ബൈലാ സംബന്ധിച്ചു് മുനിസിപ്പാലിറ്റികൾക്കു പാസ്സാക്കിയ ഒരു തെറ്റുകൊണ്ടാണ് ഇങ്ങനെ ഒരു വിധിയുണ്ടായതു്. ആ തീർപ്പിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തുള്ള അനേകം മുനിസിപ്പാലിറ്റികൾ പതിനായിരക്കണക്കിനുള്ള രൂപകൾ തിയേറ്റർ ഉടമസ്ഥന്മാർക്കു കൊടുക്കേണ്ടതായി വരും. അങ്ങിനെ സംഭവിക്കുകയാണെങ്കിൽ ഒരുപക്ഷേ മുനിസിപ്പാലിറ്റികളെ കൊണ്ടു താങ്ങിയില്ലെങ്കിൽ ആ ചുമതല ഗവണ്മെന്റു ഏറ്റെടുക്കേണ്ടതായി വന്നേയ്ക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. നാരായണക്കുറുപ്പ് : അങ്ങിനെ വല്ല നഷ്ടവും സംഭവിക്കുന്നതായാൽ അതിനുത്തരം പറയേണ്ടതു് മുനിസിപ്പൽ അധികാരികളല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നഷ്ടത്തിനെപ്പറ്റിയുള്ള പ്രശ്നമല്ലല്ലോ. പിരിച്ചെടുത്ത പണം തിരിച്ചുകൊടുക്കേണ്ട കാര്യത്തെപ്പറ്റിയാണ്. തിയേറ്റർ ഉടമസ്ഥന്മാർ ദിവസേന സിനിമാ കാണാൻ വരുന്ന ആളുകളിൽ നിന്നു വാങ്ങിക്കുന്ന പണത്തിന്റെ കുറെ ഭാഗമാണ് നികുതിയായിട്ട് മുനിസിപ്പാലിറ്റികൾക്കു് കൊടുക്കുന്നതു്. അങ്ങിനെ മുനിസിപ്പാലിറ്റികൾ വാങ്ങിയിട്ടുള്ള തുക ഈ ബിൽ ഇപ്പോൾതന്നെ പാസ്സാക്കിയില്ലെങ്കിൽ തിരിയെ കൊടുക്കേണ്ടിവരും. ഈ ബില്ലിന്റെ അവതരണത്തിനുതന്നെ കാരണം ഞാൻ മുൻപു പറഞ്ഞതുപോലെ മുനിസിപ്പാലിറ്റികൾക്കു പറ്റിയ തെറ്റു കൊണ്ടാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : കൊഴുത്ത ശമ്പളംവാങ്ങുന്ന കമ്മിഷണർമാരില്ലെ മുനിസിപ്പാലിറ്റികളിൽ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഈ കമ്മിഷണർമാരെല്ലാം നിയമം പഠിച്ചിട്ടുള്ളവരല്ലെ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. എൻ. നാരായണക്കുറുപ്പ് : അങ്ങിനെയാണെങ്കിൽ ഈ തെറ്റുപറ്റിയതു് അവരുടെ അനാസ്ഥകൊണ്ടല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ കമ്മിഷണർമാരുടെ പേരിൽ അനാസ്ഥയുണ്ടെങ്കിൽ അതിനു നടപടിയെടുക്കണം. ഇപ്പോഴത്തെ പ്രശ്നം മുനിസിപ്പാലിറ്റികൾ ഈടാക്കിയിട്ടുള്ള തുക, അതായതു്, സിനിമാ തിയേറ്റർ ഉടമസ്ഥന്മാർ കാഴ്ചക്കാരിൽ വരുന്ന കാഴ്ചക്കാരുടെ ഓരോ റിക്കാർഡിന്മേലുമുള്ള ചാർജ്ജിന്റെ ഒരുഭാഗം നികുതിയായി മുനിസിപ്പാലിറ്റികളിൽ അടച്ചിരിക്കയാണ്. അതു് തിരിയെ കൊടുക്കാതിരിക്കാനുള്ള ഒരു നിയമമാണ് ഇതു്.

ശ്രീ. ഏ. താണുപിള്ള : സർ, എന്റെ ഒബ്ജക്ഷൻ ഇതൊന്നുമല്ല. മുനിസിപ്പാലിറ്റികളെ സംബന്ധിച്ചുണ്ടായ ഹൈക്കോടതി ജഡ്ജിമെന്റും മറ്റും നോക്കി അതിന്റെ കാരണങ്ങളും എന്തെല്ലാമാണെന്നും മറ്റും വായിച്ചു മനസ്സിലാക്കുകയും അതോടുകൂടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെ സംബന്ധിച്ചും കാര്യങ്ങളും മനസ്സിലാക്കുകയും ചെയ്യുന്നതിനു കുറെ സാവകാശം കിട്ടണമെന്നുള്ളതാണ് ഞാൻ അഭിപ്രായപ്പെട്ടതു്. അതിനെ സംബന്ധിച്ച് എന്താണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഞാൻ മുൻപുപറഞ്ഞുകഴിഞ്ഞതല്ലേ. സർ, നമ്മുടെ രാജ്യത്തുള്ള മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തിയേറ്റർ ഉടമകളിൽനിന്നും നിയമപ്രകാരമുള്ള നികുതി പിരിച്ചെടുത്തിരിക്കയാണ്. അങ്ങിനെ പിരിച്ചെടുക്കുന്നതിനു ഈ നിയമസഭയിൽത്തന്നെ എന്റർടെയിൻമെന്റ് ടാക്സ് പിരിച്ചുകൊള്ളാൻ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയുണ്ടാക്കിയിട്ടുണ്ട്. ആ വ്യവസ്ഥയനുസരിച്ച് നികുതി പിരിച്ചെടുത്തിരിക്കയാണ്. ഇപ്പോൾത്തന്നെ ഈ ബില്ല് പാസ്സാക്കിയില്ലെങ്കിൽ വരാവുന്ന നഷ്ടങ്ങളെയെങ്കിലും പരിഗണിച്ച് ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ എന്റെ വാദഗതിയോട് അനുകൂലിക്കണമെന്നാണ് ഞാൻ പറയുന്നത്. അല്ലെങ്കിൽ മുനിസിപ്പാലിറ്റികളുടെ ഗതി ദുരാശമായിപ്പോകുമെന്നുകൂടി ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. നാരായണക്കുറുപ്പ് : സർ, വിനോദനികുതിയെ സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും ഒരു വിധിയുണ്ടായതും ആ വിധിക്ക് കാരണമാക്കി ഇതു മുനിസിപ്പൽ അധികാരികളുടെ ശ്രദ്ധക്കുറവുകൊണ്ടു പറ്റിയിട്ടുള്ള തെറ്റുകൊണ്ടാണെന്നും ഗവണ്മെൻറ് ഭാഗത്തുനിന്നും പറഞ്ഞപ്പോൾ ശ്രീ. ടി. വി. തോമസ് ആ ഭാഗത്തെ സംബന്ധിച്ച് എതിർത്തു പറയുകയാണു ചെയ്തത്. ശ്രീ. ടി. വി. തോമസ് ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചെയർമാൻ ആണ്. ഞാനും ടി. വി. തോമസിന്റെ മുനിസിപ്പാലിറ്റിയിലെ ഒരു മെംബറാണ്. ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽഎന്തെങ്കിലും നഷ്ടം സംഭവിച്ചുപോകുകയാണെങ്കിൽ ആ നഷ്ടത്തിനു ഉത്തരവാദികൾ മുനിസിപ്പാലിറ്റിയിലുള്ള അധികാരികൾ തന്നെയാണ്. മുനിസിപ്പൽ ആക്ടനുസരിച്ച് ബൈലാ ഉണ്ടാക്കുന്നതിൽ അവർക്ക് എന്തുകൊണ്ടാണു തെറ്റു പറ്റിയത്; മാത്രമല്ല, ഒരു ഹൈക്കോടതി വിധി ഉണ്ടായിട്ടും അതിനെ ഗവണ്മെൻറിനെ അറിയിക്കുകയോ മറെറാരു നിയമനിർമ്മാണം നിയമസഭയിൽ കൊണ്ടുവന്ന് പാസ്സാക്കുന്നതിനുവേണ്ടി ഗവണ്മെൻറ് മുഖാന്തിരം പരിശ്രമിക്കുകയോ ചെയ്യാതെ ഇത്രയുംനാളുവരെ മുനിസിപ്പാലിറ്റികളിൽ ഉള്ള ഭരണകർത്താക്കൾ ഗൗരീശങ്കരവും രുദ്രാക്ഷമാലയും ധരിച്ച് ജപിച്ചുകൊണ്ടിരിക്കുകയായിരുന്നോ എന്നാണ് ഞാൻ ചോദിക്കുന്നത്. സർ, ഇതൊരു നിസ്സാരകാര്യമല്ല. ശ്രീ. ടി. വി. തോമസിന്റെ മുനിസിപ്പാലിറ്റിയിൽ തിയേറർ ഉടമസ്ഥന്മാർ നഷ്ടപരിഹാരം ഹൈക്കോടതിവിധി അനുസരിച്ച് ആവശ്യപ്പെടുകയാണെങ്കിൽ അതിനുത്തരവാദി ടി. വി. തോമസ് തന്നെയാണ്. അദ്ദേഹത്തിന്റെ പേരിൽ അന്യായംകൊടുത്ത് ആ വക നഷ്ടം ഈടാക്കാൻ നിയമമുണ്ട്. അതുകൊണ്ട് ഒരു കാരണവശാലും ഈ നഷ്ടം ഗവണ്മെൻറിനു സഹിക്കേണ്ടിവരികയില്ല. സർ, കുറച്ചുമുൻപു ശ്രീ. അവിരാത്തരകൻ പറയുകയുണ്ടായി എന്റെ മുറിയിൽ ഒരാൾ കടന്നുവന്നു എന്ന്. എന്റെ മുറിയിൽ ഒരാളല്ലാ കൂടുതൽ ആളുകൾ കടന്നുവന്നേക്കും. ചിലപ്പോൾ ഞാൻ മറെറാരുടെ മുറികളിലും കടന്നു ചെന്നേക്കും.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, മുറിയിൽ വന്ന കാര്യവും താമസിച്ചു കാര്യവും മറന്നു ഇനിമുമ്പുതന്നെ ഉണ്ടായിട്ടുള്ള ചോദ്യോത്തരങ്ങളിൽ സംസാരിച്ച് ഒത്തുതീർപ്പിൽ എത്തിയിട്ടുള്ളതാണ്. അതുകൊണ്ട് അതിനെ ഒന്നുകൂടി ആവർത്തിക്കുന്നതു ശരിയാണ് എന്നു തോന്നുന്നില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ് : സർ, സംഭാഷണവശാൽ പറയേണ്ടിവന്നതാണ്. ഇനിയും ഞാൻ ആ ഭാഗത്തേക്കു കടക്കുന്നില്ല. ഞാൻ ബില്ലിനെ സംബന്ധിച്ച് പറയാൻ ഭാവിക്കുകയാണ്. സർ, എന്റെ അനുഭവത്തിൽനിന്നും മനസ്സിലാക്കുന്നതു ഞാൻ നിയമം പഠിച്ചതു അബദ്ധം ആയിപ്പോയി എന്നാണ്. എന്തുകൊണ്ടെന്നാൽ നിയമസഭ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. നാരായണക്കുറുപ്പ്],

യിൽ ഉണ്ടാകുന്ന നടപടിപ്പിശകുകൾ നിയമഭേദഗതി ശരിയല്ലെങ്കിൽ, അവയെ ശരിയല്ലെന്നതന്നെ എനിക്കു പറയേണ്ടിവരുന്നു. അങ്ങിനെയുള്ള എന്റെ അഭിപ്രായം മിക്കപ്പോഴും പരാജയത്തിലാണു കലാശിച്ചിട്ടുള്ളതു്. അതങ്ങിനെയിരിക്കട്ടെ സർ, നിയമസഭയിൽ ചർച്ചാവിഷയമാക്കുന്നതിനു് ഒരു ബിൽ അവതരിപ്പിക്കുമ്പോൾ അതിനു ചില തത്വങ്ങളും നിയമങ്ങളും മറ്റും വേണ്ടതാണു്. ഞാൻ പറയുന്നതു നിയമത്തിൽനിന്നു കൊണ്ടാണു്. അങ്ങിനെ നിയമത്തിനെ ആധാരമാക്കി അഭിപ്രായം പറഞ്ഞപ്പോൾ ശ്രീ. ടി. വി. തോമസ് ചോദിക്കുകയാണു് വല്ല പ്രേരണയുടെയും അടിസ്ഥാനത്തിലല്ലെ ഇങ്ങനെ പറയുന്നതു എന്നു്. ന്യായം മാത്രം ആധാരമാക്കി അഭിപ്രായം പറയുമ്പോൾ അതു പ്രേരണയാണെന്നു ധരിക്കുകയാണെങ്കിൽ, ഞാൻ ചോദിക്കുന്നതു തെക്കൻതിരുവിതാംകൂറിലെ നാലുതാലൂക്കുകൾ വിട്ടുപോകുന്നതിനു കാമരാജനാടാക്കു വല്ല പ്രേരണയും ഉണ്ടായിരുന്നോ എന്നു്.

Mr. SPEAKER: I cannot allow such kind of talk. If you have any objections to be added on to Mr. Thanu Pillai's objections, I would like to hear them.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, എന്റെ പ്രസംഗത്തിനിടയിൽ മനഃപൂർവ്വമായി ശ്രീ. ടി. വി. തോമസ് ചോദിച്ചു, വിശേഷിച്ചും എന്നെ സ്പർശിക്കത്തക്ക, ചോദ്യങ്ങൾക്കു് എനിക്കു മറുപടി പറയാതിരിക്കാൻ നിവൃത്തിയില്ല. അങ്ങിനെ ഞാൻ ടി. വി. തോമസിനു മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ എന്നെ തടയുകയാണു ചെയ്തതു്. എന്നാൽ ശ്രീ. ടി. വി. തോമസ് ഇതുപോലെയുള്ള ചോദ്യങ്ങൾ ചോദിച്ചപ്പോഴും ബഹുമാനപ്പെട്ട സ്പീക്കർ തടയേണ്ടതായിരുന്നു. പക്ഷേ, ശ്രീ. ടി. വി. തോമസ് അല്ലേ, ചോദിച്ചതു്. തടയാൻ നിവൃത്തിയില്ലായിരിക്കാം. ശ്രീ. ടി. വി. തോമസ് പ്രതിപക്ഷനേതാവല്ലേ.

MR. SPEAKER: I would not allow such reflections on the Chair from anybody. That is definite. So, if the hon. Member is not going to confine himself to the objection, I cannot allow him to speak further.

ശ്രീ. എൻ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട ചെയറിനെ ബഹുമാനിച്ചുകൊണ്ടുതന്നെയാണു ഞാൻ എപ്പോഴും സംസാരിക്കാറുള്ളതു്. എപ്പോഴും ഞാൻ അങ്ങിനെതന്നെയാണു പ്രവർത്തിച്ചിട്ടുള്ളതു്. സർ, ഞങ്ങളുടെ പാർട്ടിനേതാവു ഈ ബില്ലിനെസംബന്ധിച്ചിടത്തോളവും ഹൈക്കോടതിവിധി ബാധകമല്ലെന്നു പറയുകയുണ്ടായി. അതിനെപ്പറ്റി കൂടുതലായി ഒന്നും ഈയവസരത്തിൽ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ഈ ബിൽ ശ്രീ. പട്ടം താണുപിള്ള അഭിപ്രായപ്പെട്ടതുപോലെ ഒരു സെലക്ട് കമ്മിറ്റിക്കു് അയക്കണമെന്നാണു് ഞാനും അഭിപ്രായപ്പെടുന്നതു്. പബ്ലിക്കിനു ഇതേപ്പറ്റിയുള്ള അറിവിനും ഇടകൊടുക്കാതെ പെട്ടെന്നു പാസാക്കുന്നതു ശരിയല്ലെന്നാണു എനിക്കു തോന്നുന്നതു്. ബിൽ സെലക്ട് കമ്മിറ്റിക്കു് അയക്കുകയും ഭേദഗതികൾവരുത്തി, അടുത്ത ബഡ്ജറ്റ് സമ്മേളനത്തിൽ അവതരിപ്പിക്കുകയും ചെയ്യേണ്ടതാണെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

DR. A. R. MENON: Did the Government advise the Municipalities to pass the bye-laws?

SHRI PANAMPILLI GOVINDA MENON: I do not think the law says that. There is provision in Section 12 of the Act. Any local authority, before levying entertainments tax under Section 3 shall make bye-laws not inconsistent with this Act or any rules made thereunder.

DR. A. R. MENON: Were any bye-laws made and sent to Government for approval?

SHRI PANAMPILLI GOVINDA MENON: No bye-laws were made or sent for approval.

DR. A. R. MENON: It rests with the Council and not with the Government?

SHRI PANAMPILLI GOVINDA MENON: Yes, it rests entirely with the Council and not with the Government.

മുനിസിപ്പാലിറ്റികളും വിനോദനികുതി പിരിച്ചെടുക്കുന്നതിനെ ങ്ങനെയാണ്. അങ്ങിനെ പിരിച്ചെടുക്കുന്നതിനു വ്യവസ്ഥയും ചെയ്തിട്ടുണ്ട്. ആ വ്യവസ്ഥ ഉണ്ടായതിന്റെ കാരണം ഞാൻ വായിക്കാം. അതായതു്, ബില്ലിന്റെ 13–ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു്,

"The Cochin Local Authorities Entertainments Tax Act, VIII of 1114, Sections 122 and 123 of the Travancore District Municipalities Act, 1116 and Sections 133 and 134 of the Trivandrum City Municipal Act are hereby repealed."

അങ്ങിനെ റിപ്പീൽചെയ്തശേഷം 1951–ലെ ആക്ടനുസരിച്ചു് നികുതി പിരിക്കുന്നതിനെ സംബന്ധിച്ചു് ഗവർണറിൽ നോട്ടിഫിക്കേഷൻ കൊടുത്തിട്ടുണ്ടായിരുന്നു. പക്ഷെ ബൈലാ ഉണ്ടാക്കാതെയാണു് മുനിസിപ്പാലിറ്റികളും നികുതി പിരിച്ചിട്ടുള്ളതു്.

ശ്രീ. എ. രാമപിള്ള: സർ, ഇതൊന്നും എന്റെ പ്രശ്നത്തിനു സമാധാനമാവുകയില്ല.

മി. സ്പീക്കർ: ഇതു സംബന്ധിച്ചു് ഒരു റൂളിംഗ് തരാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഈ കാര്യത്തിൽ പറയുന്നതിനുള്ള അവസരം നൽകാത്തതുകൊണ്ടു് ഇപ്പോൾ കൺസിഡർചെയ്യുന്നതിനുമാത്രം പാടില്ലാ എന്നുള്ള ന്യായം ഞാൻ സ്വീകരിക്കുന്നു. എന്നാൽ അവയെപ്പറ്റി ഒരു റൂളിംഗ് നൽകുന്നതിനുമുൻപു ഈ ഹൗസിന്റെ സെൻസുകൂടി അറിയേണ്ടിയിരിക്കുന്നു.

ശ്രീ. എ. രാമപിള്ള: സർ, ഇങ്ങനെയുള്ള കാര്യങ്ങളിൽ സഭയുടെ അഭിപ്രായമല്ല അറിയേണ്ടതു്. ഇതിനുള്ള അഭിപ്രായം പറയുന്നതിനു് ഒരു മെംബർ എന്നുള്ള നിലയിൽ എനിക്കു് അവകാശമുണ്ടു്. അതിനെ അവഗണിക്കാതെവണ്ണം അനുവാദം കൊടുക്കുവാനുള്ള അവകാശം ചെയറിനുണ്ടു്. ചെയറിനാണു് ആ അവകാശം ഉള്ളതു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. താണുപിള്ള]

ഭൂരിപക്ഷം അഭിപ്രായമനുസരിച്ച് തീരുമാനിക്കേണ്ട കാര്യമല്ല ഇത്. ഭൂരിപക്ഷമുണ്ടുകൊണ്ട് സഭയുടെ അഭിപ്രായം അറിയുവാൻ തുടങ്ങിയാൽ അവരുടെ അഭിപ്രായം അനുസരിച്ചേ പോകേണ്ടിയുള്ളൂ. ഇതിൽ ഭൂരിപക്ഷം നോക്കി തീരുമാനിക്കുകയല്ല ചെയറിന്റെ കടമ. ചെയർ തന്നെ ഇതിനു് ഒരു റൂളിംഗ് തരാം. എന്റെ അവകാശം എനിക്കുള്ളതു് ചെയറിന്റെ റൂളിംഗിനു വിധേയമായി വിധിക്കണം. അതിൽ സഭയുടെ സെൻസ് എടുക്കേണ്ട കാര്യം ഇല്ല.

മി. സ്പീക്കർ : ഇതിൽ ചെയറിനുള്ള ഡിസ്ക്രിഷനറി പൗവ്വർ അറിഞ്ഞുകൊണ്ടുതന്നെയാണു് ഞാൻ സഭയുടെ സെൻസ് അറിയണമെന്നു പറഞ്ഞതു്. ഇതുമാതിരി കാര്യങ്ങളിൽ സഭയുടെ സെൻസ് അറിയുന്നതു് ചെയറിനു് സഹായകരമാണു്.

The question whether the Travancore-Cochin Entertainments Tax (Validation of Levy and Collection) Bill, 1955, be taken up for consideration at once was put to the House.

The majority of the House agreed that the Bill be taken up for consideration at once.

SHRI N. NARAYANA KURUP : Sir, I demand a poll.

SHRI K. BALAKRISHNAN : There cannot be a poll. There is no motion put before the House.

MR. SPEAKER : To enable me to use my discretion under the proviso to Rule 78, I was just ascertaining the sense of the House. I am not therefore allowing any poll.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ചെയറിനോടു് ബഹുമാനത്തോടുകൂടി പറയുകയാണു്. പോൾ എടുക്കാതെ സെൻസ് എടുക്കുകയാണെങ്കിൽ എന്റെ ഭാഗം ശരിയാണെന്നു് എനിക്കു് അഭിപ്രായം വന്നേക്കാം. ഇപ്പോൾ തന്നെ എന്റെ ഭാഗത്താണു് ആളുകൾ കൂടുതൽ ഉള്ളതെന്നു് എനിക്കു് തോന്നുന്നു.

MR. SPEAKER : You can have that view.

When a Bill is introduced it is not proper to waive the Rule in regard to notice. I warn the Government that hereafter I will not be amenable to such procedure. But in view of the urgency of the matter as pointed out by the Chief Minister in this instance I am allowing the consideration of the Bill waiving the Rule in regard to notice.

SHRI A. THANU PILLAI : I am not protesting against the ruling of the Chair. But as my remaining here may not be of any material use to this House, I am leaving the House. (Shri A. Thanu Pillai left the hall.)

LIBRARY ARCHIVES Kerala Legislative Assembly

SHRI N. NARAYANA KURUP : I have also to make one submission. Irrespective of any Rules of Procedure on such matters, I feel that we are acting in fear of the Leftists. Having taken the sense of the House the Chair has used his discretion without regard to that sense. I cannot be party to this. Therefore, in protest I am walking out.

(Shri N. Narayana Kurup left the hall.)

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ ബില്ലിനെപ്പറ്റി ഇപ്പോൾ മാത്രമാണ് എനിക്ക് സംസാരിക്കാൻ സമയം ലഭിക്കുന്നത്. ഞാൻ ഒരു നിയമപണ്ഡിതനല്ല. നിയമപാണ്ഡിത്യം ഉള്ള ചിലരെപ്പോലെ സ്വജ്ഞനാണെന്ന ഭാവിക്കുന്നുമില്ല. എന്നാൽ നിയമസഭയിലേക്കു് ആവശ്യമുള്ളതു പഠിച്ചുവരാറുണ്ട്. ഈ ബിൽ ഇവിടെ ചർച്ചക്കു വന്നപ്പോൾ ഇതിന്റെ നാനാവശങ്ങളെപ്പറ്റിയും പലരും പ്രതിപാദിച്ചുവെങ്കിലും ഒന്നുരണ്ടു കാര്യങ്ങൾകൂടെ പ്രസ്താവിക്കേണ്ടതു് ആവശ്യമാണെന്നു കരുതുന്നു. 1951-ൽ ലോകൽ അതാറിട്ടീസ് എൻറർട്ടെയിൻമെൻറ്സ് ടാക്സ് ആക്ട് പാസ്സാക്കി. 51 ഡിസംബർ 10-ാംതീയതിമുതൽ അതു നടപ്പിൽവരുത്തി. ഈ നിയമം പാസാക്കിയപ്പോൾ ഇതിലെ 13-ാംവകുപ്പു അനുസരിച്ചു് അതുവരെ നികുതിപിരിക്കുവാൻ അധികാരമുണ്ടായിരുന്ന ഡി. മുനിസിപ്പാലിറ്റി ആക്ടിലെ 122, 123 ഈ വകുപ്പുകളും 1114-ലെ കൊച്ചിൻ ലോക്കൽ അതാറിട്ടീസ് ആക്ടും, സിറ്റി മുനിസിപ്പൽ ആക്ടിന്റെ 133, 134 ഈ വകുപ്പുകളും റിപ്പീൽചെയ്തു. അതിനുശേഷം ഈ ലോക്കൽ അതാറിട്ടീസു് എൻറർട്ടെയിൻമെൻറ് ടാക്സ് ആക്ടിലെ വ്യവസ്ഥകളനുസരിച്ചാണു നികുതി പിരിച്ചുവന്നതു്. അതിലെ സെക്ഷൻ 12 അനുസരിച്ചു് ബൈലാ പാസ്സാക്കണമെന്നു നിർബന്ധമുണ്ടു്. ബൈലാ പാസ്സാക്കി അംഗീകരിച്ചതിനുശേഷം മാത്രമെ ആ നികുതിപിരിക്കാൻ പാടുള്ളൂ. അങ്ങനെ പാസ്സാക്കിയ ബൈലാ സെക്ഷൻ 12 സബ്സെക്ഷൻ 3 അനുസരിച്ചു് ഗവണ്മെൻറ് അപ്രൂവലിനു വിധേയമാണു്. അതു ഗസറ്റിൽ പരസ്യപ്പെടുത്തുകയും വേണം. ബഹു: പ്രതിപക്ഷനേതാവു്, ഗവണ്മെൻറ് ഇതനുസരിച്ചു് വേണ്ട അനുവാദം നൽകിയില്ല എന്നു പറയുകയുണ്ടായി. അതിന്റെ ആവശ്യമില്ല. ബൈലാ പാസ്സാക്കുവാനിരിക്കുന്നതുതന്നെ സിനിമാ ഉടമസ്ഥന്മാർ പിരിച്ചതും മുനിസിപ്പാലിറ്റി വസൂൽചെയ്തതുമായ ടാക്സ് ഇല്ലീഗൽ ആണെന്നു ഹൈക്കോടതിയിൽനിന്നും വിധിയുണ്ടായിട്ടുണ്ടു്. അങ്ങനെ മുനിസിപ്പാലിറ്റികൾ വാങ്ങിയ ടാക്സ് മടക്കിവാങ്ങിക്കുന്നതിനു് പലരും കേസുകൊടുക്കാൻ പോകുന്നു എന്നുമറിയുന്നു. അങ്ങനെ മുനിസിപ്പാലിറ്റി വസൂൽചെയ്ത ടാക്സ് മടക്കികൊടുക്കേണ്ടതില്ലെന്നു്, ഒരു നിയമസംരക്ഷണം ഉണ്ടാക്കാൻ വേണ്ടി മാത്രമാണു് ഈ ബിൽ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഇതുമാതിരിയുള്ള സന്ദർഭത്തിൽ മറ്റു നിയമസഭകളിലും ഈ തത്വം അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. 1954 വരെ അഗ്രിക്കൾച്ചർ ഇൻകംടാക്സ് പിരിച്ചതു ന്യായരഹിതമായിരുന്നു എന്നു മദ്രാസ് ഹൈക്കോടതിയിൽ ഒരു വിധിയുണ്ടായിട്ടുണ്ടു്. അതിനെ പിരിച്ച ടാക്സ് മടക്കികൊടുക്കേണ്ടതില്ല എന്നു് മദ്രാസ് നിയമസഭയിൽതന്നെ ഇത്തരം ഒരു നിയമനിർമ്മാണം ഉണ്ടായിട്ടുണ്ടു്. അതു ഹൈക്കോടതിയുടെ അധികാരത്തെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൊച്ചുകുട്ടൻ]

ചോദ്യം ചെയ്യുന്നതല്ല. ഇവിടെയും അതുതന്നെ മുനിസിപ്പാലിറ്റി വസൂൽ ചെയ്യുന്ന നികുതി എൻറർടെയിൻമെൻറ് ടാക്സ് വാല്യുഡേറ്റ് ചെയ്യണം. കൂടാതെ സിനിമകാണാൻ പോയ ആളുകളുടെ അടുക്കൽ നിന്നും സിനിമ ഉടമസ്ഥന്മാർ നികുതി പിരിച്ച് അവർ ചിലർ അതു ഇപ്പോഴും ഒരു ശരാശരി വച്ചുകൊണ്ടിരിക്കയാണ്. മുനിസിപ്പാലിറ്റിക്ക് അതു വാങ്ങാനും കഴിയണം. അങ്ങനെയുള്ള ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഈ വൈഷമ്യം ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമം നടപ്പിൽ വന്നാൽ മാത്രമെ ഇതുകൊണ്ട് മുനിസിപ്പാലിറ്റിക്കു എന്തെങ്കിലും പ്രയോജനമുണ്ടാകുകയുള്ളൂ. അല്ലെങ്കിൽ പിരിച്ചതുക സിനിമ ഉടമസ്ഥന്മാർക്കു തിരിയെ കൊടുക്കേണ്ടിവരും. മി. തോമസ് ഏലേഹത്തിൻറെ പ്രസംഗത്തിൽ ബൈലാ പരസ്യം ചെയ്യുന്നതിനെപ്പറ്റി പറഞ്ഞ അഭിപ്രായം തെറ്റാണ്. സെക്ഷൻ 3 അനുസരിച്ച് ബൈലാ പരസ്യം ചെയ്യണമെന്നുണ്ട്. പക്ഷേ ആരു് പരസ്യം ചെയ്യണമെന്ന ഖണ്ഡിതമായി പറഞ്ഞിട്ടില്ല. മുനിസിപ്പാലിറ്റിതന്നെ പരസ്യംചെയ്യണമോ അതോ ഗവണ്മെൻറതന്നെ പരസ്യംചെയ്യണമോ എന്നു തീർത്തുപറഞ്ഞിട്ടില്ല. ഗവണ്മെൻറ് അപ്രൂവൽ വേണമെന്നു മാത്രമെ പറഞ്ഞിട്ടുള്ളൂ. ഇതുവരെ പരസ്യംചെയ്തിട്ടുള്ളതിനൊക്കെ ഗവണ്മെൻറ് അപ്രൂവൽ നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ ബില്ലിൻറെ അടിയന്തിരസ്വഭാവം മനസ്സിലാക്കി ഇതു പാസ്സാക്കിത്തരണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ഇതിനെ പിൻതാങ്ങിക്കൊണ്ടു് സഭയുടെ ദൃഷ്ടിയിൽ ചില കാര്യങ്ങൾ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. ഇവിടെ കുറച്ചു് നേരം നടന്ന സംഭാഷണത്തിൽ സഭാംഗങ്ങൾക്കു് ഈ പ്രശ്നത്തിൻറെ ഗൌരവം എത്രമാത്രമുണ്ടെന്നു് ശരിയായി ധരിക്കുവാൻ സാധിച്ചിട്ടില്ലെന്നു് തോന്നുന്നു. കഴിഞ്ഞ ഒക്ടോബർ 32–ാം തീയതി കോട്ടയം മുനിസിപ്പാലിറ്റിയിൽനിന്നും അയച്ച ഒരു കത്തിൽ അവർ പറയുന്നതു് 118475 രൂപാ 12 അണ 11 പൈ–യോളം വരുന്ന ടാക്സു് മടക്കി കിട്ടുന്നതിനു് വേണ്ടിയുള്ള സ്യൂട്ട് നോട്ടീസുകൾ കിട്ടിയിട്ടുണ്ടെന്നാണ്. ഇതു് കോട്ടയത്തെ മാത്രം കാര്യമാണ്. മറ്റു മുനിസിപ്പാലിറ്റികളിലും ഇതുപോലെ സ്യൂട്ട നോട്ടീസുകൾ കിട്ടിയിട്ടുണ്ടെങ്കിലും അവയുടെ കണക്കുകൾ എൻറെ കൈവശം ഇപ്പോൾ ഇല്ല. ചെല്ലത്തും ആലപ്പുഴയും മറ്റു മുനിസിപ്പാലിറ്റികളും ഈടാക്കിയിട്ടുള്ള സംഖ്യ മടക്കി വാങ്ങിക്കുന്നതിനു് തിയേറ്റർ ഉടമസ്ഥന്മാർക്ക് നിയമപ്രകാരം ഇന്നു് അവകാശം ലഭിച്ചിട്ടുണ്ട്. അവർ അവർക്കു കിട്ടാനുള്ള കടം മടക്കി ചോദിക്കുകയല്ല. സിനിമാ നടത്തുമ്പോൾ വരുന്ന കാശുകാരിൽനിന്നും ടാക്സു് ഈടാക്കി അതു് അവർ മുനിസിപ്പാലിറ്റിയിൽ അടച്ചു. അതു് കളക്ട് ചെയ്യാൻ മുനിസിപ്പാലിറ്റികൾക്കു് നിയമമുണ്ട്. പക്ഷേ പിന്നീട് അതിൽ ചില പഴുതുകൾ ഉണ്ടെന്നു് കണ്ടു് ഹൈക്കോടതിയിൽ റിറ്റ് പെറ്റിഷൻ കൊടുക്കുകയും അവർക്ക് അതിനു് അനുകൂലമായി വിധി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പെറ്റിഷൻറെ സ്വഭാവം എന്താണെന്നു ഇവിടെ പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ശ്രീനാരായണക്കുറുപ്പും, ശ്രീ. താണുപിള്ളയും ധരിച്ചതു് ഹൈക്കോടതി വിധി ദുർബലപ്പെടുത്തുന്നതിനു് വേണ്ടിയുള്ള നട

LIBRARY ARCHIVES Kerala Legislative Assembly

പടി ആണ് ഇതു് എന്നാണു്. ഹൈക്കോടതി വിധിയുടെ പകർപ്പ് ഒരു മുനിസിപ്പാലിറ്റി ഹാജരാക്കിയതു് എന്റെ കൈവശം ഉണ്ടു്. കൊല്ലം മുനിസിപ്പാലിറ്റി ഇതി ഒരു കക്ഷിയായിരുന്നില്ല. ആലപ്പുഴയും കോട്ടയവും വയ്യാവും മുനിസിപ്പാലിറ്റി ളാണു് ഇതിൽ കക്ഷിക ളായിരുന്നതു്. ഓരോന്നിന്റെയും പേരിൽ രണ്ടും മൂന്നും കേസുകൾ ഉണ്ടായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : എല്ലാറ്റിനും കൂടി ഒരേ വിധി യാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

വിധിയുടെ ഒരുഭാഗത്തു പ്രസ്താവിച്ചിരിക്കുന്നതു ഇപ്രകാരമാണു്.

"Section 12 of the Act provides that the local authority to which the Act applies shall, before levying the Entertainment Tax under the Act, make bye-laws not inconsistent with the Act or Rules made thereunder in respect of matters mentioned in the Section".

"Sub-section 3 of Section 12 provides that the bye-laws shall have effect when they have been approved by Government and published in the Gazette. But the Alleppey Municipality has not till now made any bye-laws as required under Section 12 of Act VI of 1951".

ഇതു ആലപ്പുഴ മുനിസിപ്പാലിറ്റിയെപ്പറ്റിയുള്ള കേസായതുകൊണ്ടാണു് ആലപ്പുഴ മുനിസിപ്പാലിറ്റിയെപ്പറ്റി പറഞ്ഞതു്. ആ ജഡ്ജ്മെന്റിൽ തന്നെ വേറൊരു ഭാഗത്തു പറയുന്നുണ്ടു്.

"The Alleppey Municipality has not till now made any bye-laws as required by Section 12 of Act VI of 1951".

ഇതു എന്റെ സ്നേഹിതൻ മി. ടി. വി. തോമസിനുവേണ്ടി ഞാൻ വായിക്കുകയാണു്. "അരയംതിന്നു് ആശാരിച്ചിയേയും കടിച്ചു് പിന്നേയും നായ്ക്കാണ മുറമുപ്പു" എന്നു പറയുന്നതുപോലെ ഇങ്ങനെയെല്ലാമിരുന്നിട്ടും പിന്നീടും ഈ മുനിസിപ്പാലിറ്റികളെ സഹായിക്കാൻ പുറപ്പോം അതിനെ ആക്ഷേപിക്കുന്നതു ശരിയല്ല.

ശ്രീ. ടി. വി. തോമസു് : ബൈലാസു് പാസാക്കാതിരുന്നതിന്റെ കാരണമാണു് ഞാൻ പറഞ്ഞതു്. 1951-ൽ ഞാൻ വന്നില്ല. 1954-ൽ കൊല്ലം മുനിസിപ്പാലിറ്റി ചെയർമാൻ പറഞ്ഞു 1951-ൽ നിലവിലിരുന്ന ടാക്സിന്റെ രണ്ടു ശതമാനംകൂടി നികുതി കൂട്ടണമെന്നും അതിലേയ്ക്കു് ബൈലാസു് പാസാക്കണമെന്നും. അങ്ങനെ നിലവിലിരിക്കുന്ന നികുതി കൂട്ടുന്നതിനു് പ്രത്യേക ബൈലാസു് വേണമെന്ന വിവരം ഞാൻ ഇവിടെ അറിയിച്ചു എന്നു മാത്രമേയുള്ളൂ. മുറമുപ്പതു് വേറെയാളാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൊല്ലം മുനിസിപ്പാലിറ്റിയാകട്ടെ, മറ്റേതെങ്കിലും മുനിസിപ്പാലിറ്റിയാകട്ടെ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: ആ സമയത്തു ലാ ഡിപ്പാർട്ടുമെൻറ സെക്രട്ടറി ഇവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തിനു അതു നിഷേധിക്കാമായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: നിലവിലിരിക്കുന്ന നികുതി കൂട്ടുന്നതിനു ബൈലാസ് വേ മെന്നാണോ പറയുന്നതു?

SHRI PANAMPILLI GOVINDA MENON: Yes. It is admitted that the Alleppey Municipality has not made any bye-laws as required by Section 12 of Act VI of 1951.

"The Alleppey Municipality is collecting Entertainment Tax as per Notification dated 29-12-1954 issued by the Municipality. So long as the Municipality can levy and collect Entertainment Tax only after making bye-laws as required by Section 12 of Act VI of 1951, it is clear that the Municipality cannot levy and collect Entertainment Tax as per Notification dated 29-12-1954."

In another place it is stated:

Section 12 contains a mandatory provision. Until the conditions laid down in that Section is fulfilled, the Local Authorities cannot levy Entertainment Tax under Section 3 of Act VI of 1951. So long as the Alleppey Municipality has not satisfied the condition, that it can levy Entertainment Tax under the new Act treating the rules made by Government under Section 77 (g) of the District Municipalities Act as bye-laws made by the Municipality under Section 12 of Act VI of 1951 cannot be validated.

എന്നിട്ടു എന്താണു വിധിയുണ്ടായതു?.

We therefore prohibit the Alleppey Municipality from levying Entertainment Tax on the Petitioners in O. P. Nos. 40, 41 and 42 of 1955 as per Notification dated 29-12-1954. A writ will issue accordingly in each of these original petitions.

അതാണു് സർ, ഹൈക്കോടതി വിധി. പ്രൊഹിബിഷനിംഗ് കളക്ഷൻ ആഫ് ടാക്സ്. മറ്റു മുനിസിപ്പാലിറ്റികളുടെ കാര്യത്തിലും സ്ഥിതി ഇതാണു്. കോട്ടയം മുനിസിപ്പാലിറ്റിയുടെ പേരിൽ പാസായ വിധി ഇതാണു്.

"The Kottayam Municipality also has not made any bye-laws as required by Section 12 of Act VI of 1951. For the reasons stated above, we prohibit the Kottayam Municipality from levying Entertainment Tax on the petitioners in O. P 43 and 44 of 1955 as per Notification dated 11-5-1954 issued by that Municipality. A writ will issue accordingly in each of these petitions.

LIBRARY ARCHIVES Kerala Legislative Assembly

The Vaikom Municipality also has not made any bye-laws as required by Section 12 of Act VI of 1951.

വൈക്കം മുനിസിപ്പാലിറ്റിയുടെ കാര്യത്തിലും ഇതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. ഈ മൂന്നു കേസിലും ഈ മുനിസിപ്പാലിറ്റികൾ എൻറർടെയിൻമെൻറ് ടാക്സ് പിരിക്കരുതെന്നു ഇൻജംഗ്ഷൻ നൽകിയിരിക്കുകയാണ്. 1951 ഡിസംബർ മുതൽ ഈ നിയമം നടപ്പിലാക്കുകയും, അതുമൂലം ഈ മുനിസിപ്പാലിറ്റികൾ ഒക്കെ ഈ ടാക്സ് പിരിക്കുകയും അതായത് തിയേറ്റർ ഉടമസ്ഥന്മാർ നികുതി പിരിക്കുകയും അതു മുനിസിപ്പാലിറ്റികളിൽ അടയ്ക്കുകയും ചെയ്തിരുന്നു. ആലപ്പുഴ, വൈക്കം, കോട്ടയം ഈ മുനിസിപ്പാലിറ്റികളിൽനിന്നും ഇനി നികുതി തിരിയെ കിട്ടുന്നതിനുവേണ്ടി കേസുകൾ ഫയൽ ചെയ്യുകഴിഞ്ഞു. മറ്റു മുനിസിപ്പാലിറ്റികളിലും ഇതുപോലെ തിരിയെ കൊടുക്കേണ്ടിവരുമെന്നു കേട്ടുവും അറിഞ്ഞുവും മുനിസിപ്പാലിറ്റികളിൽനിന്നും ഗവണ്മെൻറിനു കിട്ടിയ നിവേദനങ്ങളിൽനിന്നും കാണുന്നു. കോട്ടയം മുനിസിപ്പാലിറ്റിയിൽനിന്നും ഒരു ലക്ഷത്തി പതിനെണ്ണായിരത്തിൽ ശിഷ്ടം രൂപ തിരിയെകിട്ടാനുണ്ടെന്നു കാണിച്ചു അവരുടെ പേരിൽ ഇന്നു ലായർ നോട്ടീസ് വന്നിട്ടുണ്ടെന്നാണറിവ്. 1955 സെപ്തംബർ രണ്ടാംതീയതി ഇങ്ങനെ ഒരു വിധി ഉണ്ടായതായി ഗവണ്മെൻറിനു അറിയാൻ ഇടയായിട്ടില്ല.

SHRI T. K. DIVAKARAN: What is the date of the order?

Chief Minister: 2nd September 1955.

ശ്രീ. മഞ്ഞനാഥപ്രഭു: ഈ സെപ്തംബറിനുശേഷം ടാക്സു പിരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. അങ്ങനെ നികുതി പിരിക്കണമെന്നുണ്ടെങ്കിൽ ബൈലാസ് പാസാക്കണം.

ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ലുകൊണ്ടുദ്ദേശിക്കുന്നതു ഈ മുനിസിപ്പാലിറ്റിസിൽ അടച്ചിട്ടുള്ള തുക അവർ മടക്കി അടയ്ക്കാൻ അവരെ നിർബന്ധിക്കരുതെന്നുള്ളതിലേക്കാണ്. മേലാൽ ഈ ബൈലാസുണ്ടാക്കി ഗവണ്മെൻറിൽനിന്നും പബ്ലിഷ് ചെയ്ത അതിനുശേഷം നികുതി പിരിക്കണമെന്നാണ്. ഈ മുനിസിപ്പാലിറ്റികളിൽ വന്നിട്ടുള്ള കൗൺസിലന്മാർ പൊതുജനങ്ങളുടെ ഇടത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരാണ്. അപ്പോൾ ഈ മുനിസിപ്പാലിറ്റികൾ ഏതെങ്കിലും നികുതി കളക്ട് ചെയ്യുകയാണെങ്കിൽ അതു സാധുകരിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് ഒരു നിയമനിർമ്മാണം കൊണ്ടുവരും. ശ്രീ. കൊച്ചുകുട്ടൻതന്നെ അടുത്ത ഒരവസരത്തിൽ സെയിൽസ് ടാക്സ് സംബന്ധമായി രൂപം ഇല്ലാത്തതുമൂലം മദ്രാസ് ഗവണ്മെൻറിനെതിരായി ഒരു വിധി ഉണ്ടായതിനെപ്പറ്റി പറയുകയുണ്ടായി. അങ്ങനെ വിധി ഉണ്ടായതിൻറെ ഫലമായി പിരിച്ച സെയിൽസ്ടാക്സ് മടക്കിക്കൊടുക്കാതിരിക്കാൻ ഒരു അമെൻറിംഗ് ബിൽ കൊണ്ടുവന്നതു ഇവിടെ എടുത്തു പറയുകയുണ്ടായി. 1951 ഡിസംബർമാസത്തിൽ ഇതിനു ഒരു പുതിയനിയമം അതായതു്, ഒരു പുതിയ നോട്ടിഫിക്കേഷൻ വേണമെന്നു മുനിസിപ്പാലിറ്റികൾ ധരിച്ചിട്ടില്ല. അതുകൊണ്ടു 1951, 52, 53, 54 ഈ നാലേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

മുഴുവൻ കൊല്ലക്കാലം ഇങ്ങനെ ഈ മുനിസിപ്പാലിറ്റികൾ ടാക്സു പിരിക്കുകയാണു ചെയ്തിട്ടുള്ളതു്. അങ്ങനെ ഇത്രയും കാലം പിരിച്ചിട്ടുള്ള സംഖ്യ മടക്കിക്കൊടുക്കരുതു്. ഈ ബില്ലിന്റെ മൂന്നാമത്തെ സെക്ഷനിൽ ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്.

"Notwithstanding that bye-laws under Section 12 of the Travancore-cochin Local Authorities Entertainments Tax Act 1951, have not been made by a Local Authority, all entertainments tax levied and collected by it on and from the 10th day of December 1951 are hereby declared to have been validly made and shall not be called in question on the ground only that the said bye-laws have not been made by it."

അതു സാധൂകരിക്കണമെന്നു മാത്രമെ പറഞ്ഞിട്ടുള്ളൂ. അതു മടക്കി അടയ്ക്കാൻ ഇടവരരുതു്. അങ്ങനെ വരുകയാണെങ്കിൽ അതു കൊള്ളാടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. മുനിസിപ്പാലിറ്റികൾ ഈ തുക മടക്കി കൊടുക്കേണ്ടി വരുന്നപക്ഷം അതു മുനിസിപ്പാലിറ്റികളിലുള്ള ആയിരക്കണക്കിനുള്ള ജനങ്ങളിൽനിന്നും ഈടാക്കിയിട്ടുവേണം. അതു് അവർക്കു വിഷമമാണു്. മുനിസിപ്പാലിറ്റികൾ എവിടെനിന്നും ഈ തുക ഈടാക്കാനാണു്. അപ്പോൾ അതിനു് ജനങ്ങളുടെ മേൽ കൂടുതൽ നികുതി ചുമത്തേണ്ടതായിവരും. അല്ലാതെ സർചാർജ്ജും മറ്റും വസൂലാക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നില്ല. അതുകൊണ്ടാണു ഈ നിയമനിർമ്മാണം കൊണ്ടുവന്നു അതു മടക്കികൊടുക്കാതിരിക്കാൻ വേണ്ടതു ചെയ്യണമെന്നു പറയുന്നതു്. മേലാൽ നികുതി പിരിക്കണം എങ്കിൽ അതിനു ബൈലാസ് ഉണ്ടാക്കി അതു പിരിച്ചാൽ അതു വാലിഡ് ആയിരിക്കും.

DR. A. R. MENON: What will be the position between the date of the judgment and this day?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതുവരെ ഒന്നും കളക്ടു ചെയ്തിട്ടില്ല.

DR. A. R. MENON: If the Municipalities are losing money, who is responsible?

SHRI PANAMPILLI GOVINDA MENON: Certainly the Municipalities themselves.

DR. A. R. MENON: Are they liable to be surcharged?

SHRI PANAMPILLI GOVINDA MENON: I have not looked into that question.

"It has therefore become imperative to take legislative action to validate the levy and collection of entertainments tax already made by local authorities. It is also necessary to lay down that any order, judgment or decree passed by any court in so far as such order, judgment or decree is based on the ground only that a local authority has not

LIBRARY ARCHIVES Kerala Legislative Assembly

made bye-laws under Section 12 of the Local Authorities Entertainments Tax Act, 1951, shall be void and of no effect and to make it clear that no proprietor of an entertainment can claim refund of entertainments tax collected from him." This is the object of the Bill.

DR. A. R. MENON : Supposing they get the money from the Municipalities, to whom will they pay back ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതവർ എടുക്കുമെന്നു തീർച്ചയില്ലേ? കോട്ടയത്തു മുനിസിപ്പാലിറ്റി ഒരുലക്ഷത്തി പതിനെണ്ണായിരം രൂപ പിരിച്ചിട്ടുണ്ട്. ആ സംഖ്യ തീയേറ്റർ ഉടമസ്ഥൻ കൊടുക്കുമെന്നു എന്തു നിശ്ചയം. നാലഞ്ചുകൊല്ലമായി പിരിച്ചിട്ടുള്ള തുക മടക്കികൊടുക്കണമെന്നുള്ളതു വ്യക്തമല്ലേ. അതുകൊണ്ടും ഇതുപോലെ ഒരു നിയമനിർമ്മാണം ഉണ്ടെങ്കിൽ മുനിസിപ്പാലിറ്റിക്കുള്ള നികുതിദായകന്മാരെ രക്ഷിക്കാം എന്നുള്ളതുകൊണ്ടാണു ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. ഒരു ഓർഡിനൻസു ഇഷ്യൂചെയ്യുകയാണെങ്കിൽ അതിനു ചില തടസ്സങ്ങളുണ്ടു്. കാരണം കഴിഞ്ഞതവണ നിയമസഭ പ്രോറോഗു ചെയ്തില്ല. പിന്നെ ഈ നിയമസഭ വിളിച്ചുകൂട്ടിയതു് എസ്. ആർ. സി. റിപ്പോർട്ടു ചർച്ചചെയ്യാനാണു്. പ്ലാനിംഗ് കമ്മീഷനെപ്പറ്റിയും ചർച്ച നടക്കുകയുണ്ടായി. പിന്നെ ഈ ഇടവക ആക്ടും പാസാക്കാം എന്നിവിടെ പറഞ്ഞിട്ടുണ്ടായിരുന്നു. ഈ രാജ്യത്തെ അനേകം മുനിസിപ്പാലിറ്റികളുടെ പ്രതിനിധികളും ഇതിനിടയിൽ വന്നു് അതുപോരാ ഇതുകൂടി ഒന്നു പാസാക്കിത്തരണം അതല്ലെങ്കിൽ മുനിസിപ്പാലിറ്റികൾക്കു വിഷമമുണ്ടു് എന്നു പറഞ്ഞു. അതുകൊണ്ടാണു ഒരു ഓർഡിനൻസു ഇഷ്യൂചെയ്യാതെ ഒരു ബില്ലുതന്നെ കൊണ്ടുവന്നതു്. അതിനു നിയമാനുസരണമുള്ള നോട്ടീസില്ല എന്ന ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടു്. അങ്ങനെയുള്ള കാര്യങ്ങളൊന്നും നോക്കാതെ ഈ നിയമസഭ ഐകകണ്ഠ്യേന ഈ ബില്ലു പാസാക്കിത്തരണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. തോമസു് : ഞാൻ ഈ ബില്ലു് ഉടനെ പാസാക്കണമെന്നുള്ള അഭിപ്രായത്തെ അനുകൂലിക്കുന്നു. ഇതിന്റെ ആവശ്യം നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ടു, അങ്ങനെ ഒരു നിലപാടു് ഈ സഭ എടുക്കണമെന്നു അഭ്യർത്ഥിക്കുകയാണു്. ഇതിൽ ആക്ഷേപാർഹമായി, ഈ കഴുപ്പത്തിനുത്തരവാദിത്വം ആരാണു് എന്നുള്ളതിനെപ്പറ്റി ഒരു ചർച്ച് ഈ അവസരത്തിൽ നടത്താൻ ശ്രമിക്കുന്നതു് ഈ പ്രശ്നത്തിന്റെ പരിഹാരത്തിനു സഹായകമല്ല. എങ്കിലും ഈ സന്ദർഭത്തിൽ ഒന്നു രണ്ടു വസ്തുതകൾ, അതേസംബന്ധിച്ചു കുറെ വിവരങ്ങൾ അറിയാവുന്ന ഒരു വ്യക്തി എന്നുള്ള നിലയിൽ ഈ സഭയുടെ മുമ്പിൽ സമർപ്പിക്കുകയാണു്. ഗവണ്മെന്റു ഈ കാര്യം അറിഞ്ഞതില്ലായെന്നു പറയുന്നതു എത്രത്തോളം ശരിയാണെന്നു എനിക്കു സംശയമുണ്ടു്.

കഴിഞ്ഞ അസംബ്ലി നടന്നുകൊണ്ടിരുന്ന അവസരത്തിലാണു് ഹൈ

3 P. M.] കോടതിയുടെ വിധി ഉണ്ടായതു്. ആ വിധിമൂലം കൂടുതൽ കഴുപ്പങ്ങൾക്കിടയാകുമെന്നും ഉടൻതന്നെ എന്തെങ്കിലും നടപടി നടത്തണമെന്നും ഈ ബെഞ്ചിൽ ഇരുന്നുകൊണ്ടു തന്നെ ഞാൻ മിനിസ്റ്റർക്കു എഴുതിക്കൊടുത്തിട്ടുണ്ടു്. അതുകഴിഞ്ഞു് തുടരെത്തുടരെ ഞാനും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്]

മറ്റ് മുനിസിപ്പൽകൗൺസിൽ പ്രതിനിധികളും മിനിസ്റ്ററെ വന്നുകണ്ട് നിവേദനം നടത്തിയിട്ടുണ്ട്. അതുകൊണ്ട് സമയംകിട്ടിയില്ല, ധൃതഗതിയി ചെയ്യാൻ ഇടയായതു അതുകൊണ്ടാണ് എന്നു പറയുന്നതിൽ അർത്ഥമില്ല. ഡാക്ടർ മേനോൻ ചോദിക്കുകയുണ്ടായി, ഈ വിധിക്കുശേഷം മുനിസിപ്പാലിറ്റികൾക്ക് നികുതിപിരിക്കാൻ ഇടയായിട്ടുണ്ടോ എന്ന്. ഇടയായിട്ടില്ല. ബൈലാ പാസാക്കാതിരുന്നതുകൊണ്ട് നികുതി പിരിക്കാൻ അവകാശമില്ലെന്നാണ് ഹൈക്കോടതി വിധി. അതിനെപ്പറ്റി അഭിപ്രായവ്യത്യാസം എന്തെല്ലാമുണ്ടായിരുന്നാലും ബൈലാ ഉടൻതന്നെ പാസാക്കി ഗവണ്മെൻറിലേക്ക് അയച്ചുകൊടുത്തു. രണ്ടുമാസമായി. ഒരു ആർഡിനൻസ് പാസാക്കാൻ സാദ്ധ്യമല്ലെന്നു പറഞ്ഞതു് മനസ്സിലാക്കാം. എന്നാൽ ഒരു മൂന്നോ നാലോ ദിവസത്തിനുമുമ്പു് ഈ ബില്ല് മെമ്പറന്മാർക്കു സർക്കുലേറ്റചെയ്യാൻ സാദ്ധ്യമാകാത്തതു് എന്തുകൊണ്ടാണെന്നാണ് ഞാൻ ചോദിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സഭ പ്രത്യേകം ഒരു കാര്യത്തിനു കൂടിയതാണ്. പിന്നീട് സംശയങ്ങളുടെ ഗൗരവം മനസ്സിലാക്കി ഈ ബിൽ കൊണ്ടുവന്നതാണ്.

ശ്രീ. ടി. വി. തോമസ് : ഈ സഭ പ്രോറോഗ് ചെയ്യില്ലെന്നും കണ്ടിന്യുവേഷൻ ആണെന്നും പറയുകയുണ്ടായി.

ശ്രീ. യു. നീലകണ്ഠൻ : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഈ ബിൽ ചർച്ചചെയ്യുന്നതുകൊണ്ട് പ്ലാനിംഗിൻെറ കാര്യം ചർച്ച ചെയ്യാൻ സമയമുണ്ടാകയില്ലെന്നു തോന്നുന്നു. ഇനി കഷ്ടിച്ച് രണ്ടു മണിക്കൂർ സമയമേ ഉള്ളൂ. പ്ലാനിംഗിൻെറ കാര്യം ചർച്ചചെയ്യുന്നതിനുള്ള സമയം കിട്ടണം.

മി. സ്പീക്കർ : ലജിസ്ലേറ്റീവ് ബിസിനസ് കഴിഞ്ഞുള്ള സമയം അതിനാണെന്നാണ് പറഞ്ഞിട്ടുള്ളതു്. ഈ ബിൽ വളരെ അത്യാവശ്യമുള്ളതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ആർഡിനൻസ് കൊണ്ടുവരണമെങ്കിൽ സഭ മാറ്റിവയ്ക്കണമെന്നു പറഞ്ഞു. കഴിഞ്ഞതവണ എന്താണ് ചെയ്തിരുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : അഡ്ജേൺചെയ്തേ ഉള്ളൂ. പ്രോറോഗ് ചെയ്തില്ല.

DR. A. R. MENON : Is it not advisable not to resort to ordinance? In my opinion, as far as possible Government should avoid issuing ordinances in such matters.

ശ്രീ. ടി. വി. തോമസ് : ഞാൻ ചൂണ്ടിക്കാണിക്കുന്നതു് ഏതായാലും കഴിഞ്ഞയാഴ്ച അവസാനം ഞങ്ങൾ അയച്ച ബൈലാ എങ്കിലും ഈ ആഴ്ചത്തെ ഗസറ്റിൽ വരത്തക്കവണ്ണം വേണ്ടതു ചെയ്യണമെന്നാണ്. ഞങ്ങൾ ആദ്യം ബൈലാ പാസാക്കി അയച്ചു ഗവണ്മെൻറ് അതു് മോഡിഫിക്കേഷനോടുകൂടി അപ്രൂവുചെയ്തു് തിരിച്ചയച്ചു. അതു വീണ്ടും ഞങ്ങളയച്ചപ്പോൾ അപ്രൂവ്ചെയ്ത എന്നു കാണിച്ച് ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനു പകരം വേറെ സെക്ഷൻ കൂട്ടിച്ചെയ്തു് ഗസറ്റിൽ പബ്ലിഷ്ചെയ്കയാണ് ചെയ്തതു്. ലാസെക്രട്ടറി പറയുന്നതു് അങ്ങിനെ പബ്ലിഷ്ചെയ്യുന്നതിൽ കുഴപ്പമൊന്നുമില്ലെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON : Government have approved it

ശ്രീ. ടി. വി. തോമസ് : ഗവണ്മെൻറിനു അങ്ങനെ പറയാമെങ്കിലും ആ മറ്റു കാരണംപറഞ്ഞു് ഹൈക്കോടതി സ്റ്റേചെയ്യുവച്ചിരിക്കയാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്തു സ്റ്റേചെയ്തു വച്ചിരിക്കുന്നു ?

ശ്രീ. ടി. വി. തോമസ് : ഗവണ്മെൻറ് പ്രീയാമ്പിളും ഷെഡ്യൂളും അപ്രൂവ് ചെയ്തില്ലെന്നും ഡ്രാഫ്റ്റ് പബ്ലിക്കേഷനാണെന്നും പറഞ്ഞു് സ്റ്റേ ചെയ്തിരിക്കയാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വേറെയും റിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ് : ഉണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതറിഞ്ഞിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഗവണ്മെൻറ ഇതുവരെ ബൈലാ പബ്ലിഷ്ചെയ്തില്ലെന്നാണു് മെംബറുടെ പ്രസംഗത്തിൽനിന്നും മനസ്സിലാകുന്നതു്.

ശ്രീ. ടി. വി. തോമസ് : ഗവണ്മെൻറ പബ്ലിഷുചെയ്ത ബൈലാ അനുസരിച്ചു് പണം പിരിക്കാൻ പാടില്ലെന്നു വിണ്ടും റിട്ടുണ്ടു്. അതു് ഹൈക്കോടതി ബൈലയായി കണക്കാക്കുന്നില്ല. ഗവണ്മെൻറ പബ്ലിഷു ചെയ്ത ബൈലാ തെറ്റാണെന്നു പറഞ്ഞു. ഇതിനുള്ളിൽ ഒട്ടയം മുനിസിപ്പാലിറ്റിക്കു് 37,000 രൂപയും ആലപ്പുഴ മുനിസിപ്പാലിറ്റിക്കു് 30,000 രൂപയും നഷ്ടം വന്നിട്ടുള്ളകാര്യം ഗവണ്മെൻറ മനസ്സിലാക്കുമെങ്കിൽ ഒരുദിവസംപോലും താമസിക്കാതെ ബൈലാ വീണ്ടും പബ്ലിഷു ചെയ്യുമായിരുന്നു. കുറെങ്ങാം തീർത്തു് ബൈലാ അയച്ചുകൊടുത്തിട്ടു് 10 ദിവസമായിട്ടും ലാ ഡിപ്പാർട്ട്മെൻറിൽ പോയിട്ടില്ലെന്നു ഇന്നു മനസ്സിലായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിഞ്ഞ മൂന്നാലു കൊല്ലങ്ങളായി ബൈലാ പാസാക്കാതെ മുനിസിപ്പാലിറ്റികൾ പിരിച്ചിരുന്ന പണം പോകാതിരിക്കാൻ നിയമങ്ങൾ കൊണ്ടുവന്നതു് കുറെമാനെന്നാണോ പറയുന്നതു് ?

ശ്രീ. ടി. വി. തോമസ് : അതുക്കും സൗജന്യം ചെയ്തതുപോലെ പറയുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സൗജന്യമല്ല, പിരിച്ചെടുത്ത തുക ആരുടെ കുറ്റംകൊണ്ടായാലും പോകാതിരിക്കാൻ ഗവണ്മെൻറ നിയമം കൊണ്ടുവന്നിരിക്കയാണു്. ഞങ്ങളെപ്പോലെ മെമ്പർ വിചാരിക്കുന്നതു് ബൈലാ കിട്ടിയാലുടൻ പബ്ലിഷുചെയ്യാൻ സാധിക്കുമെന്നാണു്. അതിൻറെ നാനാവശങ്ങളെപ്പറ്റി ആലോചിച്ചു് നടപടിയെടുക്കാൻ ഈ നിയമസഭ നടക്കുന്നതിനിടയിൽ 10 ദിവസമെടുത്താൽ അതു് അധികമായി എന്നു് ഞാൻ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: മുനിസിപ്പാലിറ്റികൾക്ക് സൗജന്യം ചെയ്യുന്നതല്ലെന്ന ഞാൻ പറഞ്ഞുവെന്നേയുള്ളൂ. ഒരുദ്യോഗസ്ഥനും നഷ്ടപ്പെടാത്ത നിലയിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ട ചുമതല ഗവണ്മെൻറിനില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുനിസിപ്പാലിറ്റിക്ക് ആ ചുമതല ഉണ്ടായിരുന്നില്ലേ? കഴിഞ്ഞ മൂന്നുനാലുകൊല്ലമായി അവർ അതു ചെയ്യാത്തതു് എന്താണു്?

ശ്രീ. ടി. വി. തോമസ്: മുനിസിപ്പാലിറ്റികൾ കയ്യടക്കിവച്ചിരിക്കുന്നതു് ഗവണ്മെൻറിൽനിന്നും അയക്കുന്ന കമ്മീഷണർമാരാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബൈലാ ഉണ്ടാക്കുന്നതു കമ്മീഷണരാണോ?

ശ്രീ. ടി. വി. തോമസ്: ഇതെല്ലാം അറിവുള്ള ഒരാളെന്ന നിലയിലാണു് കമ്മീഷണരെ ഗവണ്മെൻറു നിയമിക്കുന്നതു് കൗൺസിലുകൾ മാറിമാറിവരും. അപ്പോൾ അതാതു അവസരത്തിൽ കൗൺസിലിൻറെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതു കമ്മീഷണരാണു്. ഏതായാലും ഈ കാര്യത്തിൽ കൂടുതൽ വാദപ്രതിവാദം നടത്താൻ ഞാനാഗ്രഹിക്കുന്നില്ല. ഈ ബിൽ ഉടനെ പാസാക്കിത്തരണമെന്നു് സഭയോടു അഭ്യർത്ഥിക്കുകയും അതോടുകൂടി ഗവണ്മെൻറിലേക്കു് അവസാനമായി അയച്ചുകൊടുത്തിട്ടുള്ള ബൈലാ അധികം താമസിയാതെ ഗസറ്റിൽ പബ്ലിഷ് ചെയ്യണമെന്നു് ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

Dr. A. R. Menon: Sir, I wish to make one observation on one aspect of the matter. Both the Government and the Municipality are trying to shove the blame on each other so far as the present issue is concerned. I have had considerable experience of Municipal administration for the past 20 years and what I find is, the Government are anxious to retain all the powers in their hands, and they therefore send a Local Officer in the person of the Commissioner to assist the municipalities, with the result such Government is neither Local nor Governmental. There is a sort of quasi municipal administration going on. All the powers are exercised by Government through their Commissioner. I perfectly agree with the appointment of a Commissioner to a Municipality because that proves very useful indeed. Unfortunately the moral effect of the appointment of the Commissioner has been a kind of disregard and indifference of the Government towards the Chairman and the Councillors and civic administration in my view has grievously suffered. The only justification for the appointment of an outsider as an agent of Government is to serve their interests properly. But it does not conduce to proper

LIBRARY ARCHIVES Kerala Legislative Assembly

civic administration by the Chairman and the Councillors concerned. In other words an agent of Government is being thrust upon a municipality. The justification for it seems to be this. The Government say that we have lay men as Chairmen of the municipalities. When Chairmen are not in a position to execute the works, or to carry on correspondence with Government or to understand the implication of inter-relationship between the Government and a municipality, one can understand such a state of affairs. But they say we select a man capable of looking after the municipal administration subject to the advice, direction and permission of the council to carry on the work. Unfortunately this control is all on paper. In reality, gradually, the Councillors and the Chairmen sink into insignificance and the Commissioner imposed by Government becomes a powerful man in every municipality. The more powerful he is the more powerful the Government becomes. In saying so I am not casting any reflection on them. All that I mean is, Government try their best to maintain his prestige and increase his power. In many matters where there is difference of opinion between the Commissioner and the Councillors, the Government only sides with the Commissioner. The result is a kind of indifference shown towards the Chairman and the Councillors. Instances as referred to here are of everyday occurrence. My view is, Government should have looked into this matter long ago. I submit, it is the duty of the Commissioner to bring such matters to the notice of the Chairman and the Councillors and advise them as to the steps to be taken. If they refuse to take action then the responsibility entirely rests with the Chairman and the Councillors of the Municipality. But what happened here is this. The Commissioner out of indifference or due to ignorance failed to discharge his duties in a matter. My view is, both the Government and the Council forgot the necessity for enacting a schedule in the matter of collection of levies. That is a matter affecting both sides. I am not sure whether the Government realise their duty to advise the Council to prepare a supplementary schedule. In such circumstances, I have found Government simply sitting quiet thinking that it is the duty of the Councillors and the Chairman to move in the matter and not their lookout. But the truth of the matter is, it may be that a Municipality is overburdened with other affairs concerning it. Whatever Government may say, this is my

LIBRARY ARCHIVES Kerala Legislative Assembly

[Dr. A. R. Menon]

impression of it. It is very necessary to enact a schedul in the matter of collection of levy. The Municipal Counc also forgot about it. Unfortunately it has become a ver important matter both to the Chairman and the councillor of the Municipalities. Just think of the position when wit regard to the noncollection of entertainment taxes from th date on which the judgement was issued up to the date whe the notification was published in the Gazette, any ratepaye happens to file a suit against the Chairman and the Council llors for the loss of income either due to their neglec or due to indifference in the matter. So what I submit is Government should consider seriously this aspect of th question and give adequate legal advice to protect the Chai men and the Councillors of Municipalities.

ശ്രീ. ടി. വി. തോമസ്: സെപ്റ്റംബറി വിധിയുണ്ടായ സെപ്റ്റംബർ അവസാനത്തിൽത്തന്നെ ലൈലാ പാസ്സായി. ഒരുമാസത്തെ അവധി കൊടുക്കുമെന്നുണ്ട്. അതും കഴിഞ്ഞു് ഗവണ്മെൻറിലേയ്ക്കു് അയച്ചുകൊടുത്തു. അതിലും മാസ്റ്റയും ദിവസം വീണ്ടും ഗവണ്മെൻറിലേയ്ക്കു് അയച്ചുകൊടുത്തിരിക്കുകയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ടാക്സ് പിരിക്കാത്തകാലത്തു് സിനിമാക്കാർ ചാർജ്ജു കുറവുചെയ്തിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: നികുതി ഉദ്യോഗത്തെ ചാർജ്ജുതന്നെ പിരിച്ചിരുന്നോ?

ശ്രീ. ടി. വി. തോമസ്: അതേ.

Shri N. Parameswaran Pillai: Sir, I rise to a poin of order. Mr. Menon was in possession of the House. Anothe member put a question to him and now another member i putting questions to the member who put the question. I it in order?

Mr. Speaker: I thought Mr. Menon had finished hi speech and Mr. Thomas was in possession of the House.

Dr. A. R. Menon: I simply yielded so that Mr. Thoma may put the question.

I want the Government to safeguard the interests of th Chairman and Councillors by whatever action that is neces sary. I quite appreciate the stand point of the Governmen in coming forward with this Bill though there is a little viola tion of the rules. Rules are made for our conveneience; we are not made for the conveneince of the rules. When

LIBRARY ARCHIVES Kerala Legislative Assembly

emergencies arise we are enabled to waive the rules. I appreciate it and I hope that this Bill will be passed and that necessary safeguards will be conferred upon the Chairman and the Councillors. I thank the Government for the promptness with which they have undertaken this Bill and I trust that they will continue this trend till the publication in the Gazette.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ ബില്ലിന്റെ അടിയന്തിര സ്വഭാവത്തെ പരിഗണിച്ച് ഇതു ഉടൻതന്നെ നിയമമാക്കേണ്ടതാണെന്നുള്ള അഭിപ്രായത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്, മുനിസിപ്പാലിറ്റികൾ ചെയ്യാതിരുന്ന ഒരു കൃത്യംമൂലം, ഉണ്ടായിട്ടുള്ള, തകരാറുകളെ ശരിയാക്കുന്നതിനു് മുനിസിപ്പാലിറ്റികളോടു ഒരു സൗജന്യമനോഭാവത്തോടുകൂടി, മുനിസിപ്പാലിറ്റികളെ രക്ഷിക്കുന്നതിനുവേണ്ടിയാണെന്നു ഗവണ്മെന്റുഭാഗത്തുനിന്നും പറയുകയുണ്ടായി. സർ, ഇതിൽ മുനിസിപ്പാലിറ്റികളും ഗവണ്മെന്റും ഒരുപോലെ കുറ്റക്കാരാണെന്നാണ് ഒരു നികുതിദായകൻ എന്ന നിലയിൽ എനിക്കു പറയാനുള്ളതു്. ഹൈക്കോടതി ഉത്തരവു പുറപ്പെടുവിച്ചതു സെപ്തംബർ രണ്ടാംതീയതിയാണ്. ഈ കേസ്സിൽ ഗവണ്മെന്റു ഒരു കക്ഷിയായിരുന്നില്ല. അതുകൊണ്ടു ഗവണ്മെന്റിനു അതിനെ അറിയിക്കാൻ കഴിഞ്ഞിരുന്നില്ല എന്നു പറയുന്നു, നാട്ടിലെ പട്ടണക്കാരായ നികുതിദായകന്മാരെ സംബന്ധിക്കുന്ന ഒരു പ്രധാന പ്രശ്നത്തിൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഒരു നല്ല വരവിനമായിരുന്ന ഈ വിനോദനികുതിയെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിനു്, ഹൈക്കോടതിയുടെ വിധിയുണ്ടാകുന്നതുവരെ അറിയാൻ സാധിച്ചില്ല എന്നു പറഞ്ഞു കഴിയുവാൻ എങ്ങനെ സാധിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ കീഴിൽ കേസുകളെയും നിയമങ്ങളെയും പറ്റി ചുമതല വഹിക്കുന്ന ഒരു അഡ്വക്കേറ്റു ജനറൽ ഉണ്ടു്.

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടെ വേറെ കക്ഷികൾ തമ്മിൽനടക്കുന്ന കേസുകളെപ്പറ്റി ഗവണ്മെന്റു എപ്പോഴും അറിഞ്ഞെന്നു വരുമോ?

ശ്രീ. ടി. കെ. ദിവാകരൻ: 'കേരളാ ലാ ടൈംസ്' എന്ന ഒരു പബ്ലിക്കേഷൻ ഇവിടെയുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെപ്തംബർ രണ്ടാംതീയതി പാസ്സാക്കിയ ഈ 'ഉത്തരവു കേരളാ ലാ ടൈംസി'ൽ വന്നുകഴിഞ്ഞിട്ടുണ്ടോ എന്നു നോക്കിയോ?

ശ്രീ. ടി. കെ. ദിവാകരൻ: അതെ ഒരു ഉത്തരവുണ്ടായി. പബ്ലിക്കേഷനിൽ വന്നാലും ഇല്ലെങ്കിലും ഈ നാട്ടിലെ സാധുക്കളായ ജനങ്ങളെ ബാധിക്കുന്ന ഏറ്റവും അടിയന്തിരമായ ഒരു പ്രശ്നം എന്ന നിലയിൽ ഇതിനു ഒരു തീരുമാനം ഉടനെ ഉണ്ടാക്കേണ്ടതാണ്.

ശ്രീ. പി. വി. അവിരാമൻ: മുനിസിപ്പൽ കമ്മിഷണർമാരെ ഗവണ്മെന്റു നേരിട്ടു നിയമിക്കുന്നതുകൊണ്ടു് അവർ ഇക്കാര്യം നേരത്തെ ഗവണ്മെന്റിനെ അറിയിക്കാൻ ബാദ്ധ്യസ്ഥരല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ: സാങ്കേതികമായി നോക്കുമ്പോൾ അതു ശരിയാണെന്നു തോന്നുന്നില്ല. ബൈലാ ഉണ്ടാക്കാതെയിരുന്നതിനുള്ള പ്രധാനമായ ഉത്തരവാദിത്വം റ്റാക്സിക്കൂട്ടിവു ആഫീസർമാരായ കമ്മിഷണർമാരിൽതന്നെ ചുമത്തണം. ഇക്കാര്യത്തിൽ ഈ ഗവണ്മെന്റ് എന്തു നടപടികൾ എടുത്തു എന്നറിയാൻ ഞാനാഗ്രഹിക്കുന്നു. അതുപോലെതന്നെ ബൈലാ പാസ്സാക്കുന്നതിനു കാലവിളംബം വരുത്തിയ മുനിസിപ്പൽ കമ്മിഷണർമാരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കണം. തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രിയോടു നിങ്ങൾ പറയാനുള്ളതു്, അതിപ്രധാനമായ ഈ ബിൽ, ഇത്രമാത്രം ഷോർട്ടനോട്ടീസോടുകൂടി ചർച്ചചെയ്യാൻ അവതരിപ്പിക്കാൻ ഇടയായതു നിർഭാഗ്യകരമാണെന്നാണു്. ഈ സഭ തുടങ്ങിയിട്ടു ഇന്നു് ആറാമത്തെ ദിവസമാണു്. തുലപ്പുഴ മുനിസിപ്പൽ ചെയർമാനും, പ്രതിപക്ഷനേതാവും, പ്രസക്തകേസിലെ ഒരു കക്ഷിയുമായ സഖാവു ടി. വി. തോമസിനുതന്നെ ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യകതയെപ്പറ്റി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താമായിരുന്നു. അങ്ങനെ ചെയ്യാതെ, ഈ ബിൽ അവതരിപ്പിക്കുന്നതിൽ ഒരു മെംബർ സാങ്കേതികമായി ചില ആക്ഷേപങ്ങൾ ഉന്നയിച്ചു പ്രസംഗിച്ചപ്പോൾ, തദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെപ്പറ്റി ചോദ്യംചെയ്തതു ശരിയാണോ എന്നാണു ഞാൻ ചോദിക്കുന്നതു്. നേരത്തെതന്നെ തദ്ദേഹം നിവേദനം നടത്തുകയും, ഗവണ്മെന്റ് മുൻകൈയെടുത്തു് ആവശ്യമായ നടപടികൾ നടത്തിയിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ആ കാര്യം, നമ്മുടെയും ഈ സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ആവശ്യമായ രീതിനിയമസഭയിലുണ്ടു്. ഇതൊരു പ്രത്യേക സമ്മേളനം അല്ലെങ്കിലും നേരത്തെ ഈ പ്രശ്നം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിൽ ഇത്ര തിടുക്കത്തിൽ, ഒരു ദിവസത്തെ നോട്ടീസ്സോടുകൂടി ഈ ബിൽ അവതരിപ്പിക്കുമായിരുന്നില്ല.

ശ്രീ. ടി. വി. തോമസ്: ഈ സഭയിൽത്തന്നെ അവതരിപ്പിക്കാമെന്നു ഗവണ്മെന്റ് മറുപടിയിൽനിന്നും നേരത്തെ പറഞ്ഞിട്ടുള്ളതായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: എങ്കിലായിരുന്നാലും, ആറുദിവസത്തേയ്ക്കു മാത്രം, പ്രത്യേക ഒരു പ്രശ്നത്തിനുവേണ്ടികൂട്ടുന്ന ഒരു സമ്മേളനമാണു്. ഇതിനിടയിൽ ഈ കാര്യത്തെപ്പറ്റി ശ്രദ്ധിക്കാൻവേണ്ട സമയം ലഭിച്ചില്ല എന്ന സമാധാനമാണു പറയുന്നതെങ്കിൽ അതും ശരിയാണെന്നു തോന്നുന്നില്ല. സെപ്റ്റംബർ രണ്ടാംതീയതിക്കുശേഷവും എല്ലാ മുനിസിപ്പാലിറ്റികളും നികുതി ഈടാക്കിക്കൊണ്ടിരിക്കുകയാണു്. ചാർജ്ജിൽ കൂടുവരുത്താതെതന്നെ പൊതുജനങ്ങളിൽനിന്നും സിനിമാതിയേറ്റർ ഉടമകളും തുക ഈടാക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു ഈ ബിൽ ഒരു നിവാരണം ആകുകയില്ല. അതിനു വേണ്ടതു ബൈലായുണ്ടാക്കുകയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: അതാണു ഞാൻ പറയാൻപോകുന്നതു്. സെപ്റ്റംബർ രണ്ടാംതീയതിക്കുശേഷം, ഈടാക്കിയിട്ടുള്ള തുകയിൽ മൊത്തംപിരിവു ടാക്സു കഴിച്ചുള്ള തുക തിരിയെ കൊടുക്കേണ്ടിവരുമെന്നു തുലപ്പുഴ മെംബർ പറയുകയുണ്ടായി. ഈ ആക്ടിന്റെ പാസ്സാക്കിയാൽ,

LIBRARY ARCHIVES Kerala Legislative Assembly

സെപ്റ്റംബർ രണ്ടാംതീയതിക്കുശേഷം ടാക്സ് ഈടാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. അങ്ങനെ ഈടാക്കണമെങ്കിൽ പൂർവ്വകാലപ്രാബല്യത്തോടുകൂടി ഈ ബിൽ പാസ്സാക്കേണ്ടിയിരിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു, വേണമെങ്കിൽ എൻറർടെയിൻമെൻറ് ടാക്സ് ആക്ററ് മൻതീയതിവച്ചു ഭേദഗതി ചെയ്യണം. അങ്ങനെയൊരു നിയമം ഷോർട്ടനോട്ടീസോടുകൂടി കൊണ്ടുവരാൻ പാടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: കളക്ഷനിൽ ഇത്ര ശതമാനമാണെന്നു നിയമം ഉണ്ട്. എന്നായിരുന്നാലും കുറെ കളക്ഷൻ ഉണ്ടായിട്ടുണ്ട്. അതിൽ ഇത്ര ശതമാനം. ഈടാക്കാൻ മുനിസിപ്പാലിറ്റികൾക്കു കഴിയും എന്നു തോന്നുകൊണ്ടു് ബൈലാ പാസ്സാക്കി, സാധുതപ്പെടുത്തുകയാണെങ്കിൽ, സെപ്റ്റംബർ രണ്ടാംതീയതിമുതൽ പൂർവ്വകാലപ്രാബല്യത്തോടുകൂടി ടാക്സ് പിരിക്കുന്നതിനു് ആക്ടിൽ ഭേദഗതിവരുത്താതെതന്നെ കഴിയുമെന്നാണു എനിക്കു തോന്നുന്നതു്. സെപ്റ്റംബർ രണ്ടാംതീയതിക്കുശേഷം പൊതുജനങ്ങളിൽനിന്നും പിരിച്ചിട്ടുള്ള ആയിരക്കണക്കിനുള്ള രൂപ തിയേറ്റർ ഉടമസ്ഥന്മാർ അന്യായമായി കയ്യടക്കിവച്ചിരിക്കുകയാണു്. അതുകൊണ്ടു ടിക്കറ്റിൻറെ ചാർജ്ജിൽ യാതൊരു കുറവും വരുത്താതെ പൊതുജനങ്ങളിൽനിന്നും ഈടാക്കിയിട്ടുള്ള പിരിവിൽ ടാക്സിനത്തിൽ ഈടാക്കാനുള്ള തുക മുനിസിപ്പാലിറ്റികൾക്കു ഈടാക്കത്തക്കവണ്ണം ആവശ്യമായ ഭേദഗതിക്കുടി ഈ നിയമത്തിനകത്തു കൊണ്ടുവരണമെന്നാണു് എനിക്കു പറയാനുള്ളതു്. അതിലേയ്ക്കുള്ള ബില്ലിൻറെ രണ്ടാംവായനയിൽ ആവശ്യമായ ഭേദഗതിക്കുടി അവതരിപ്പിക്കാൻ വകുപ്പുമന്ത്രി തയ്യാറാകണമെന്നാണു എനിക്കു പറയാനുള്ളതു്. ഇതു ചുരുങ്ങിയ സമയംകൊണ്ടു ചെയ്യാവുന്നതേയുള്ളു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: പൂർവ്വകാലപ്രാബല്യം കൊടുക്കാനുള്ള പ്രൊവിഷൻ ഇതിൽ ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബൈലാ ഇല്ലാത്തതുകൊണ്ടു പിരിച്ചസംഖ്യ തിരിച്ചുകൊടുക്കണമെന്നു ഡിക്ലയർ ചെയ്യുന്ന ഒരു നിയമമാണിതു്. പൂർവ്വകാലപ്രാബല്യം മാത്രമേ ഇതിൽ ഉള്ളു.

ശ്രീ. ടി. കെ. ദിവാകരൻ: 1951-ൽ ശേഷം 1955 സെപ്റ്റംബർ രണ്ടാംതീയതിവരെയുള്ള കളക്ഷനിൽ വിനോദനികുതിനിയമത്തിൽ ഉള്ള ഉടക്കുടി മുനിസിപ്പാലിറ്റികൾക്കു ഈടാക്കാവുന്നതാണെന്നുള്ള ഒരു ഭേദഗതി രണ്ടുമാസത്തിനുമുമ്പേ കൊണ്ടുവരാൻ കഴിയുമായിരുന്നു. ഗവണ്മെൻറ് ഇക്കാര്യത്തിൽ ശ്രദ്ധയോടുകൂടി തക്കസമയത്തു വേണ്ടതു ചെയ്തിട്ടില്ലെന്നുള്ളതു ഒരു സത്യമാണു്. ഇതു മുനിസിപ്പാലിറ്റികൾ ചെയ്യേണ്ട കാര്യമായിരുന്നു, ഗവണ്മെൻറിനു ഇതിനെപ്പറ്റി അറിവില്ല എന്നെല്ലാം പറഞ്ഞു ഒഴിയുന്നതു ശരിയല്ല. മുനിസിപ്പൽ ചെയർമാന്മാർ നേരിട്ടു നിവേദനം നടത്തിയിട്ടുള്ള ഇത്ര പ്രാധാന്യമുള്ള ഒരു കാര്യത്തെപ്പറ്റി ആദ്യദിവസംതന്നെ ഈ ബിൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ, പ്രതിപക്ഷഭാഗത്തുനിന്നും ഇറങ്ങിപ്പോയിട്ടുള്ളവർക്കും അതു സംബന്ധിച്ചു ആവശ്യമായ ഭേദഗതികൾ കൊണ്ടുവരാൻ കഴിയുമായിരുന്നു. ഈ ബിൽ ഇന്നതന്നെ പാസ്സാക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞനാഥപ്രഭു: 1951-ൽ ആക്റ്റ് പാസ്സാക്കിയതിനു ശേഷം, വിനോദനികുതി പിരിക്കുന്നതു ശരിയാണോ, ഇതു ശരിമാണോ പിരിക്കുന്നതു ശരിയാണോ എന്നെല്ലാം പരിശോധിച്ചു കണ്ടുപിടിക്കുന്നതിനു് മുനിസിപ്പാലിറ്റികളിലെയും, കോർപ്പറേഷനിലെയും സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കോ, ലാ ഡിപ്പാർട്ടുമെൻറിനുതന്നെയോ സാധിച്ചിട്ടില്ല. കൂടാതെ എക്സാമിനർ ആഫ് ലോക്കൽ ബോഡീസുണ്ടു് ഇവർക്കുതന്നെ ഇതു സംബന്ധിച്ചു കുഴപ്പം കണ്ടുപിടിക്കാൻ സാധിച്ചില്ല. ആക്റ്റിൽ 12-ാമതു സെക്ഷനിൽ പറയുന്നുണ്ടു് വിനോദനികുതി പിരിക്കണമെങ്കിൽ അതിലേയ്ക്കു് ആവശ്യമുള്ള ബൈലാ പാസ്സാക്കണമെന്നു്. ബൈലാ പാസ്സാക്കാതെ നികുതി പിരിക്കാൻ പാടില്ലെന്നാണു ഹൈക്കോടതിവിധിയുണ്ടായിട്ടുള്ളതെന്നു ഇതിൽ പറയുന്നു

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മെമ്പർ ധരിച്ചിരിക്കുന്നതു 12-ാമതു സെക്ഷൻ അനുസരിച്ചു ബൈലാ ഉണ്ടാക്കുക നിർബന്ധമാണെന്നാണു്. അങ്ങനെ നിർബന്ധം ഒന്നുമില്ല. വിനോദനികുതി പിരിക്കണം എന്നു എങ്കിലും ലോക്കൽ ബോഡിക്കു് തോന്നുമ്പോൾ മാത്രം ബൈലാ ഉണ്ടാക്കിയാൽ മതിയാകും.

Notwithstanding that bye-laws under Section 12 of the Travancore-Cochin Local Authorities Entertainments Tax Act, 1951, have not been made by a local authority, all entertainments tax levied and all entertainments tax levied and collected by it on and from the 10th day of December 1951 and all orders passed and all action taken by it on and from the said date in connection with the levy or collection of entertainments tax in the exercise or purported exercise of jurisdiction or powers conferred by or under any law authorising the levy and collection of entertainments tax by local authorities are hereby declared to have been validly made, passed or taken as the case may be, and shall not be called in question on the ground only that the said bye-laws have not been made by it and any judgment, order or decree pronounced or passed by any Court, in so far as such judgment, order or decree is based on the ground only that a local authoritiy has not made bye-laws under Section 12 of the Travancore-Cochin Local Authorities Entertainments Tax Act, 1951, shall be void and of no effect..... .....

എന്നാണു പറയുന്നതു്. ഇതൊരു refutation പോലെയാണു് ഇതു് ഇപ്പോഴും നടന്നതാണു് എന്നുള്ള വസ്തു ആലോചിക്കണം.

SHRI PANAMPILLI GOVINDA MENON: May I point out another thing? It is not absolutely clear till the decision of the High Court whether this bye-law is necessary, because there were municipalities which were collecting the taxes under previous notifications. There is another side of the

LIBRARY ARCHIVES Kerala Legislative Assembly

picture. There is a point of view that a bye-law is not necessary to enable the municipalities to collect taxes if they were collecting the taxes before 1951. That was the point of view put forward before the High Court by the advocates of the municipalities concerned. It is only when the High Court decided positively that a bye-law is necessary, did it become clear that it is necessary.

ശ്രീ. മഞ്ഞനാഥപ്പിള്ള: 1951-നു മുൻപു് നിലവിലിരുന്ന ആക്ടു് 1955-ൽ റിപ്പീൽ ചെയ്തപ്പോൾ പഴയ ആക്ടു് നിലവിലിരിക്കുമോ?

SHRI PANAMPILLI GOVINDA MENON: No, but in the General Clauses Act there is, as pointed out by the Chairman of the municipalities, a provision that on the repeal of a certain legislation, if there were notifications issued under the repealed law, those notifications will continue under certain circumstances. That must probably have been the idea of the Commissioners of those municipalities and the auditors of the Local Fund Audit Department, and that was the point of view put forward by the advocates of the municipalities concerned before the High Court. But the High Court said that in the circumstances of this matter, the issue of fresh bye-laws was necessary.

ശ്രീ. മഞ്ഞനാഥപ്പിള്ള: എന്റെ കർമ്മശാസ്ത്രം..., ഹൈക്കോടതി വിധിയിൽ പറയുന്നതു പ...ം തിരുത്തി ഇടാക്കിക്കൊടുപ്പിക്കണമെന്നാണു്.

SHRI PANAMPILLI GOVINDA MENON: That is because in a writ application, the High Court cannot order payment of money.

ശ്രീ. മഞ്ഞനാഥപ്പിള്ള: അവിടെന്റെ സ്വഭാവം എന്താണെന്നു വെച്ചാൽ, പന്ത്രണ്ടര ശതമാനം നികുതി പിരിച്ചുകൊടുക്കണമെന്നാണു്. അങ്ങനെ നികുതി പിരിച്ചുകൊടുക്കാൻ മനസ്സുണ്ടായതുകൊണ്ടുമാത്രം ആ ഡിക്രിക്കു ന്യായമുണ്ടോ എന്നു ചോദിച്ചതിനു ഇല്ലെന്നാണു് മന്ത്രിയിൽനിന്നും മറുപടി കിട്ടിയതു്.

ശ്രീ. ടി. വി. തോമസ്: അന്യായം ഫയൽചെയ്തു കഴിഞ്ഞു.

ശ്രീ. മഞ്ഞനാഥപ്പിള്ള: അന്യായമായി ജനങ്ങളിൽനിന്നും പന്ത്രണ്ടര ശതമാനം ടാക്സു പിരിച്ചു സിനിമ ഉടമകൾ എടുത്ത എന്നല്ലാതെ അതിന്നു് ന്യായരഹിതമായി എന്താണുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. ടി. വി. തോമസ്: ബഹുമാനപ്പെട്ട മെംബറെക്കാൾ നിയമപാണ്ഡിത്യമുള്ള വക്കീലന്മാരോടു് ആലോചിച്ചിട്ടാണു് കേസു ഫയൽ ചെയ്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞനാഥപ്രഭു : പ്രതിപക്ഷനേതാവിനേക്കാൾ നിയമ പാണ്ഡിത്യം കുറവാണെങ്കിലും ലോക്കൽ ബാഡീസുമായി അടുത്ത ബന്ധ മുള്ള ഒരാളാണ് ഞാൻ. ബൈലാ പാസ്സാക്കണമെന്നാണ ഇതിൽ പറയു ന്നതു്. ബൈലായുണ്ടാക്കേണ്ട ചുമതല ലോക്കൽ ബാഡീസിനാണു്. ലോക്കൽ ബാഡീസിനെ സംബന്ധിച്ചിടത്തോളം റൂൾസ് ഒന്നുപോലിരി ക്കണം.

ഇതുവരെയുണ്ടായിട്ടുള്ള ഡിക്രി, ആർഡർ, ജഡ്ജ്മെൻറ ഇവ ശരി യല്ലെന്നാണ പറയുന്നതു്. ഈ കാര്യങ്ങൾ ശരിയായിട്ടു നടത്തണമെ ങ്കിൽ പല തിരുത്തലുകൾ ആവശ്യമായിരിക്കുന്നു. ഈ ബിൽ ശരിയായ നടപടിക്രമങ്ങളോടുകൂടിയല്ല അവതരിപ്പിച്ചിരിക്കുന്നതു്. എന്നിരു ന്നാലും ഇതിന്റെ പ്രത്യേക ആവശ്യത്തെ പരിഗണിച്ചു ഇതു ചർച്ചയ്ക്കു വിധേയമാക്കി പാസ്സാക്കണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ഇതു സംബന്ധിച്ചു ഇവിടെ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ ഇങ്ങനെയൊരു നിയമ നിർമ്മാണം ആവശ്യമാണെന്നു കാണുന്നു. ഇതിന്റെ ഉദ്ദേശ കാരണ വിവരണത്തിൽ പറയുന്നതു ഇങ്ങനെയാണു്:

"To make it clear that no proprietor of an entertainment can get refund of the entertainments tax collected from him."

ആ അർത്ഥം തന്നെ ശരിയായി വരത്തക്കവിധത്തിൽ സെക്ഷൻ 3 ഡ്രാഫ്റ്റ് ചെയ്യണമെന്നാണ പറയുന്നതു്. സെക്ഷൻ മൂന്നുകൊണ്ടു ബില്ലിന്റെ ഉദ്ദേശം ശരിയാംവിധം വെളിവാകുന്നില്ലെന്നും, ആവശ്യമി ല്ലാത്ത വ്യാഖ്യാനങ്ങൾക്കു ഇടയാകുന്നുണ്ടെന്നും എനിക്കഭിപ്രായമുണ്ടു്. ഒടുവിൽ പറയുന്നതു ഇങ്ങനെയാണു:

"And any judgment, order or decree Pronounced or Passed by any court, in so far as such judgment, order or decree is based on the ground only that a local authority has not made bye-laws under section 12 of the Travancore-Cochin Local Authorities Entertainments Tax Act, 1951, shall be void and of no effect."

3-ാംവകുപ്പിൽ അവസാനഖണ്ഡികയിൽ പറയുന്നതു്. "Shall be void and of no effect" നോ എഫക്റ്റോ എന്നു പറയുന്നതിൽ ഹൈ ക്കോടതി ആർഡർ വരികയില്ല എന്നു മുഖ്യമന്ത്രി പറയുകയുണ്ടായി. അതു ശരിയാണെന്നു തോന്നുന്നില്ല. നിയമപ്രകാരം പാസ്സാക്കിയിട്ടുള്ള ഒരു വിധി void ആണെന്നാണു് ടി വകുപ്പിൽ പറയുന്നതു്. അതു തെറ്റാണെ ന്നാണു് എനിക്കു പറയാനുള്ളതു്. ഒരു ജഡ്ജ്മെന്റോ, ആർഡറോ, ഡിക്രിയോ പാസ്സാക്കിയ അവസരത്തിൽ അതു വാലിഡ് ആണു്. ഒരു കോടതിയുടെ വിധി അതു പാസ്സാക്കിയപ്പോൾ ശരിയായിട്ടുള്ളതായിരി ക്കെ അതു void ആണു് എന്നു പറയാതെ, വാലിഡ് എന്ന വാക്കു മാറ്റി inoperative എന്ന അർത്ഥത്തിൽ പറയുന്നതു കൂടുതൽ നന്നായി രിക്കുമെന്നാണു് എന്റെ അഭിപ്രായം. ഹൈക്കോടതിയുടെ ഒരു ജഡ്ജ്

LIBRARY ARCHIVES Kerala Legislative Assembly

മെൻറ് ആർഡർ, അല്ലെങ്കിൽ ഡിക്രി തെറ്റാണെന്ന പറയുന്നതു് ഭംഗിയല്ലാ. വിധി നടത്തരുതെന്നുള്ളതാണു് വാസ്തവത്തിൽ ഈ ബില്ലിന്റെ ഉദ്ദേശം. അതിനാൽ 3-ാംവകുപ്പിൽ ആവശ്യമായ മാറ്റം വരുത്തണം.

SHRI PANAMPILLI GOVINDA MENON : May I just explain, because Mr. Parameswaran Pillai has made a serious charge. 3-ാമത്തെ വകുപ്പിൽ കൊടുക്കുന്ന പേരു്.

"Validation of levy and collection of entertainments tax made by local authorities" എന്നാണു്. അതായതു് വാലിഡേഷൻ എന്നു പറയാതെ നിവൃത്തിയില്ല. ഇങ്ങനെയുള്ള കേസുകളിൽ ഏതുവിധത്തിലാണു് ലജിസ്ലേറ്റ ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി ഒരു മാതൃകയാണുള്ളതു്.

മദ്രാസു് ആക്റ്റിൽ സെയിൽസു ടാക്സു കാര്യത്തിൽ കോടതി തീരുമാനത്തിനെ വാലിഡു ചെയ്യാൻ നിയമം ഉണ്ടു്.

Madras Act XVII of 1954--section 3-ൽ പറയുന്നതു് ഇങ്ങനെയാണു്.

"Validation of certain assessments and collections".

അതിന്റെ അവസാനം ഇങ്ങനെയാണു് പറയുന്നതു്.

"And any finding recorded by any officer, tribunal or court to a contrary effect and order, judgment or decree in so far as such order, judgment or decree embodies or is based on any such finding and does not relate merely to the costs of the proceeding which resulted in the judgment decree or order, shall be void and of no effect."

ഇങ്ങനെയുള്ള കാര്യത്തിൽ ഒരു കോടതി വിധി അസ്ഥിരപ്പെടുത്തി അതിനെ വാലിഡു് ചെയ്യണമെങ്കിൽ സ്വീകരിച്ചിട്ടുള്ള ലജിസ്ലേറ്റീവു് മാതൃക ഇതാണു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : സർ, ഇവിടെ പലരും ഉന്നയിച്ച സംശയങ്ങൾക്കു എല്ലാംതന്നെ അപ്പോഴപ്പോൾ ബഹുമാനപ്പെട്ട മുഖ്യ മന്ത്രി വിശദീകരണം നൽകീട്ടുണ്ടു്. ഒരു കാര്യം മാത്രം ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നു. കഴിഞ്ഞ സെപ്റ്റംബർ മാസത്തിലാണു് ഇതു സംബന്ധിച്ചുള്ള കോടതി വിധിയുണ്ടായതു്. ജഡ്ജ്മെൻറിന്റെ കാപ്പികിട്ടിയതു് നവംബർമാസത്തിലാണു്. അതിനു ശേഷം മാത്രമേ ഇതുസംബന്ധിച്ചു നടപടികൾ എടുക്കുന്നതിനു സാധിച്ചിട്ടുള്ളൂ. അതുകൊണ്ടു കാലതാമസം വരുത്തിയെന്നു പറയുന്നതിൽ വളരെയൊന്നും വാസ്തവമില്ലെന്നു കാണാം, ബൈലാ പാസ്സാക്കി അപ്പോഴപ്പോൾ ഗസറ്റിൽ പരസ്യം ചെയ്യുന്നുണ്ടു്. കഴിഞ്ഞ ഗസറ്റിൽ, ചില മുനിസിപ്പാലിറ്റികൾ അയച്ചിട്ടുള്ള ബൈലാ പരസ്യം ചെയ്തിട്ടുണ്ടു്. വരുന്ന പ്രാവശ്യം ഗസറ്റ പുറത്തു വരുമ്പോഴും ബാക്കിയുള്ള മുനിസിപ്പാലിറ്റികൾ അയച്ചിട്ടുള്ള ബൈലാ സാമാന്യമായി അംഗീകരിച്ചു പരസ്യം ചെയ്യുന്നതാണെന്നു ഈ സഭയെ അറിയിക്കാനാഗ്രഹിക്കുന്നു. ഈ ബിൽ പാസ്സാക്കിത്തരണമെന്നു അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The question that the Travancore-Cochin Entertainments Tax (validation of levy and collection) Bill, 1955, be taken up for consideration was put and carried.

The Bill was taken up for consideration.

Clauses 2 & 3.

The question that clauses 2 and 3 stand part of the Bill was put and carried.

The clauses 2 and 3 were added to the Bill.

Clause 1.

The question that clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The preamble and Title were added to the Bill.

SHRI K. KOCHUKUTTAN : I move that the Bill be passed.

SHRI PANAMPILLI GOVINDA MENON : I second it.

The question that the Travancore-Cochin Entertainments Tax (Validation of Levy and Collection) Bill, 1955, be finally passed was put and carried.

The Bill was passed.

MOTION UNDER RULE 137 (*contd.*)

Discussion on the State's Second Five Year Plan.

ശ്രീ യു. നീലകണ്ഠൻ : (തുടർച്ച) സർ, ഇന്നലെ പഞ്ചവത്സരപദ്ധതി സാമാന്യജനങ്ങളുടെ താഴ്ചയിലില്ലായ്മ പരിഹരിക്കുന്നതിനും, ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടിടത്തോളം പര്യാപ്തമായ വിധത്തിലല്ല, ആസൂത്രണം ചെയ്തിരിക്കുന്നതെന്നു ഞാൻ പറഞ്ഞു. നമുക്കു ചോദിക്കുവാൻ അവകാശമുള്ളതും, ലഭിക്കാൻ അർഹതയുള്ളതുമായ സംഖ്യ പഞ്ചവത്സരപദ്ധതിക്കുവേണ്ടി കേന്ദ്രഗവണ്മെൻറ് അനുവദിച്ചുതന്നിട്ടില്ലെന്നുള്ളതു ഏവരും സമ്മതിക്കും. പ്ലാനിംഗിനു കൂടുതൽ തുക അനുവദിക്കുന്നതിനെക്കാൾ അധികാരം കേന്ദ്രീകരിക്കുകയാണു്. അഞ്ചു കൊല്ലത്തെ ഈ സ്റ്റേറിലെ വികസനബഡ്ജറ്റ് കേന്ദ്രത്തിൻറെ മുമ്പിൽ അവതരിപ്പിച്ചു് അനുവാദം വാങ്ങുകയാണു് ഈ പ്ലാൻകൊണ്ടു് നടന്നിട്ടുള്ളതു് യഥാർത്ഥത്തിൽ നിയമസഭയ്ക്കുള്ള അധികാരങ്ങളെ പോലും കേന്ദ്രം പ്ലാനിൻറെ പേരിൽ കവർന്നെടുത്തിരിക്കുന്നു. 132 കോടി രൂപയ്ക്കു പ്ലാനുണ്ടാക്കിയ സ്റ്റേറിനു 75 കോടിരൂപ അനുവദിച്ചതു് ഗൗരവപ്രയത്നംകൊണ്ടാണെന്നു പറയുന്നു. കേന്ദ്രം സ്റ്റേറുകളേയും സ്റ്റേറുകൾ ജനങ്ങളേയും യഥാർത്ഥത്തിൽ പറഞ്ഞിക്കുന്നതാണു് ഈ പ്ലാനിംഗു്. ഓരോ നിയോജകമണ്ഡല

LIBRARY ARCHIVES Kerala Legislative Assembly